# വേദാഭിമാനി

വേദപുസ്തകത്തിൽ അഭിമാനിക്കുന്നവൻ : സത്യത്തിന് സാക്ഷി

Vol.22 No.2 2022 FEBRUARY കാർത്തികപ്പള്ളി R.No. 7361/02

RNI Reg. No.KERMAL/2002/7361 Postal Reg. No. KL/MVK/184/2015-17 Licence No. KL/CR/MVK/WPP-04/2015-17. Licensed to Post Without Prepayment.

വായനയ്ക്കും പഠനത്തിനും ആശയസംവാദത്തിനും സന്ദർശിക്കുക: vedabhimani.com


## പുതിയ അവയവം



ഇനിയും കണ്ടെത്താത്ത അവയവങ്ങൾ മനുഷ്യശരീരത്തിലുണ്ടെന്ന് ഉറപ്പിച്ചുകൊണ്ട് ഗവേഷകർ പുതിയ അവയവം കണ്ടെത്തിയിരിക്കുന്നു. എല്ലാ ദിവസവും കണ്ണാടിയിൽ മുഖം നോക്കുമ്പോൾ കാണുന്ന താടിയെല്ലിനോട് ചേർന്നാണ് പുതിയ അവയവം കണ്ടെത്തിയിരിക്കുന്നത്. അന്നൽസ് ഓഫ് അനാട്ടമി എന്ന അക്കാദമിക് ജേണലിലാണ് പുതിയ അവയവം കണ്ടെത്തിയ വിവരം പ്രസിദ്ധീകരിച്ചിരിക്കുന്നത്.

പല്ലു കടിക്കുമ്പോഴും ചവയ്ക്കുമ്പോഴുമെല്ലാം ദൃശ്യമാവുന്ന താടിയെല്ലിലെ മാസെറ്റർ പേശിയിലാണ് പുതിയ അവയവം കണ്ടെത്തിയത്. മാസെറ്റർ പേശിയിൽ രണ്ട് പാളികളുണ്ടെന്നാണ് ഇതുവരെ കരുതിയിരുന്നത്. എന്നാൽ ഇവയ്ക്ക് മൂന്ന് പാളികളുണ്ടായേക്കാമെന്ന സൂചനകൾ നേരത്തെ തന്നെയുണ്ടായിരുന്നെങ്കിലും ഇതുവരെ വ്യക്തമായ തെളിവുകളൊന്നും ലഭിച്ചിരുന്നില്ല.

1858ൽ ഹെന്റി ഗ്രേ എഴുതിയ ബ്രിട്ടിഷ് അനാറ്റമി റഫറൻസ് പുസ്തകമായ ഗ്രേസ് അനാറ്റമിയുടെ 38-ാം എഡിഷനിൽ ഈ മൂന്നാം പാളിയെക്കുറിച്ച് സൂചനയുണ്ട്. അതിനും മുൻപ് 1784ൽ ജർമനിയിൽ പ്രസിദ്ധീകരിച്ച ഗ്രുൻഡിസ് ഡെർ ഫിസിയോളജി ഫ്യൂർ വോർലെസുംഗൻ എന്ന പേരിലുള്ള പഠനത്തിലും ഇങ്ങനെയൊരു സാധ്യതയെക്കുറിച്ച് പറഞ്ഞിരുന്നു. നേരത്തെ പലരും പറഞ്ഞ സാധ്യതകൾ പുതിയൊരു അവയവം തന്നെയാണെന്നതിന് ഇപ്പോഴിതാ തെളിവുകൾ നിരത്തുകയാണ് ബാസൽസ് സർവകലാശാലയിലെ ഗവേഷകർ.

ബാസൽസ് സർവകലാശാലയിലെ ബയോമെഡിസിൻ വിഭാഗത്തിലെ ഡോ. സിൽവിയ മെസെയുടെ നേതൃത്വത്തിലുള്ള സംഘമാണ് പഠനം നടത്തിയത്. കണ്ടെത്തിയ ഈ മൂന്നാം പാളിക്ക് മാത്രമാണ് താടിയെല്ല് ചെവിക്കടുത്തേക്ക് അടുപ്പിക്കാൻ സാധിക്കുക. മസ്കുലസ് മാസെറ്റർ പാർസ് കൊറോനിഡേ എന്നാണ് ഈ പുതിയ അവയവത്തിന് ഗവേഷകസംഘം നിർദേശിച്ച പേര്. മനുഷ്യശരീരത്തിൽ ഇനിയും കണ്ടെത്താനും അറിയാനും പലതുമുണ്ടെന്നതിന് തെളിവായിരിക്കുകയാണ് ഈ പുതിയ അവയവം.

## ദൈവശാസ്ത്രജ്ഞർക്ക് ശാസ്ത്രനിയോഗം



അന്യഗ്രഹ ജീവികളും അവരുടെ പേടകമെന്നു പൊതുവേ പറയപ്പെടുന്ന പറക്കുംതളികകളും സംബന്ധിച്ച നിഗൂഢത എന്നും മനുഷ്യനു കൗതുകമാണ്. അന്യഗ്രഹജീവികളെ കണ്ടെത്താനായി കോടികൾ ചെലവിട്ടാണ് ഗവേഷണങ്ങളും അന്വേഷണങ്ങളും നടക്കുന്നത്. ഭൂമിയിൽ അന്യഗ്രഹ ജീവികളെയും പറക്കുംതളികകളെയും (അൺഐഡന്റിഫൈഡ് ഫ്ളൈയിങ് ഒബ്ജെക്ട് - യുഎഫ്ഒ) കണ്ടെന്ന വാർത്തകൾക്കു പിന്നാലെ രാജ്യാന്തര അന്വേഷണ ഏജൻസികൾ പോലും പോകാറുണ്ട്. ഇത്തരം കാര്യങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിൽ മുന്നിലുള്ളത് അമേരിക്ക തന്നെയാണ്. അന്യഗ്രഹ ജീവികളോടുള്ള മനുഷ്യന്റെ പ്രതികരണം പഠിക്കാൻ നാസ 24 ദൈവശാസ്ത്രജ്ഞരെ നിയമിച്ചു എന്നതാണ് പുതിയ വാർത്ത. ടൈംസ് യുകെ, ന്യൂയോർക് ടൈംസ് അടക്കമുള്ള മാധ്യമങ്ങൾ ഇതു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ന്യൂജഴ്സിയിലെ പ്രിൻസ്റ്റണിലുള്ള സെന്റർ ഫോർ തിയോളജിക്കൽ എൻക്വയറിയിലെ (സിടിഐ) ദൈവശാസ്ത്രജ്ഞർ അന്യഗ്രഹ ജീവികളോടുള്ള മനുഷ്യന്റെ പ്രതികരണം സംബന്ധിച്ച് പഠനം തുടങ്ങിയിട്ടുണ്ട്. മറ്റു ഗ്രഹങ്ങളിലും ബുദ്ധിയുള്ള ജീവികൾ ഉണ്ടെന്നുള്ള വാർത്തകളോട് മനുഷ്യർ എങ്ങനെ പ്രതികരിക്കുമെന്ന് മനസ്സിലാക്കുകയാണ് പാനത്തിന്റെ ലക്ഷ്യം.

മറ്റൊരു ഗ്രഹത്തിൽ ജീവൻ കണ്ടെത്താനുള്ള സാധ്യത കൂടിവരികയാണെന്ന് നാസ നിയമിച്ച ദൈവശാസ്ത്രജ്ഞരിൽ ഉൾപ്പെട്ട ബ്രിട്ടിഷ് ഗവേഷകൻ റവ. ഡോ. ആൻഡ്രു ഡേവിസൺ പറഞ്ഞതായി ബ്രിട്ടീഷ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഓക്സ്ഫഡിൽനിന്ന് ബയോകെമിസ്ട്രിയിൽ ഡോക്ടറേറ്റ് നേടിയിട്ടുള്ള റവ. ഡോ. ആൻഡ്രു ഡേവിസൺ കേംബ്രിജ് സർവകലാശാലയിലെ ദൈവശാസ്ത്രപണ്ഡിതനാണ്. തന്റെ ഇതുവരെയുള്ള ഗവേഷണത്തിൽ കഴിഞ്ഞ 150 വർഷത്തിനിടെ ‘ദൈവശാസ്ത്രവും ജ്യോതിർജീവശാസ്ത്രവും ജനകീയ എഴുത്തുകളിൽ എത്രമാത്രം വിഷയമായിട്ടുണ്ടെന്ന് നിരീക്ഷിച്ചിട്ടുണ്ടെന്നും കേംബ്രിജ് യൂണിവേഴ്സിറ്റിയുടെ ഫാക്കൽറ്റി ഓഫ് ഡിവിനിറ്റി ബ്ലോഗിൽ അടുത്തിടെ നടത്തിയ ഒരു പ്രസ്താവനയിൽ ഡേവിസൺ പറഞ്ഞിരുന്നു

## ഓൺലൈൻ കാൽകുലേറ്റർ

കയ്യിൽ സ്മാർട് ഫോണില്ലെങ്കിൽ എന്തോ നഷ്ടമായ തോന്നലാണ് നമ്മളിൽ ഭൂരിഭാഗത്തിനും. ഇതിന്റെയൊക്കെ ഫലമായി യൂട്യൂബിലും ഫെയ്സ്ബുക്കിലും വാട്സാപ്പിലുമൊക്കെയായി 2021ലെ എത്ര സമയം നിങ്ങൾക്ക് നഷ്ടമായിട്ടുണ്ടാവുമെന്ന് അറിയുമോ? അതറിയിക്കാനായി ഒരു ഓൺലൈൻ കാൽകുലേറ്ററുമായി എത്തിയിരിക്കുകയാണ് സോർട്ട്ലിസ്റ്റ്.

‘തിരിച്ചറിയുക പോലും ചെയ്യാതെയാണ് നമ്മൾ ഒരുപാട് സമയം സ്ക്രീനുകൾ



ക്ക് മുൻപിൽ ചെലവിടുന്നത്. ഇതു മനസിലാക്കിയാണ് ഇത്തരമൊരു കാൽക്കുലേറ്റർ നിർമിക്കാൻ തീരുമാനിക്കുന്നത്. നമ്മുടെ ഡിജിറ്റൽ ജീവിതത്തിന്റെ യഥാർഥ ദൈർഘ്യത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുകയായിരുന്നു ലക്ഷ്യമെന്ന് സോർട്ട്ലിസ്റ്റ് സഹസ്ഥാപകനും സിഎംഒയുമായ നിക്കോളസ് ഫിനെറ്റ് പറയുന്നു.

പഠനത്തിന്റെ ഭാഗമായി ഇന്റർനെറ്റിലും സമൂഹ മാധ്യമങ്ങളിലും ചെലവിടുന്ന പ്രതിദിന സമയം വിശകലനം ചെയ്തിരുന്നു. ഇതുപ്രകാരം പ്രതിദിനം ഏകദേശം 10 മണിക്കൂറാണ് ഓരോ വ്യക്തിയും 2021ൽ സ്മാർട് ഫോണിന് മുന്നിൽ ചെലവിട്ടത്. കഴിഞ്ഞ 18 മാസത്തിലാണ് മുൻപെങ്ങുമില്ലാത്തവിധം മനുഷ്യർ സ്കീനുകൾക്ക് മുന്നിൽ സമയം കളഞ്ഞതെന്നും ഫിനെറ്റ് കൂട്ടിച്ചേർക്കുന്നു.

രാജ്യങ്ങൾ തിരിച്ചുള്ള സ്ക്രീൻ ടൈം കണക്കും സോർട്ട് ലിസ്റ്റ് പുറത്തുവിട്ടിട്ടുണ്ട്. ലോകത്ത് ഏറ്റവും കൂടുതൽ സമയം സ്മാർട് ഫോണുകൾക്ക് മുന്നിൽ ചെലവിട്ടത് ഫിലിപ്പീൻസുകാരാണ്. ഓരോ ദിവസവും 11 മണിക്കൂറാണ് ഇവർ സ്മാർട് ഫോണുകൾക്ക് മുന്നിൽ സ്ക്രോൾ ചെയ്ത് ചെലവിട്ടത്. ഇന്ത്യ 10.56, ബ്രസീൽ 10 മണിക്കൂർ എട്ട് മിനിറ്റ്, കൊളംബിയ 10 മണിക്കൂർ ഏഴ് മിനിറ്റ്, ദക്ഷിണാഫ്രിക്ക 10 മണിക്കൂർ ആറ് മിനിറ്റ് തുടങ്ങിയ രാജ്യങ്ങളും സ്മാർട് ഫോണുകൾക്ക് മുന്നിൽ സമയം കളയുന്നതിൽ ഒട്ടും പിന്നിലല്ല.

‘മാറിയ കാലത്ത് ജോലിയുടെ ഭാഗമായി വലിയ സമയം സ്ക്രീനുകൾക്ക് മുന്നിൽ നമുക്ക് ഇരിക്കേണ്ടിവരുന്നുണ്ട്. അതുകൊണ്ടുതന്നെ ഓൺലൈനിൽ ചെലവിടുന്ന സമയം പൂർണമായും തെറ്റായ കാര്യമാണെന്ന് പറയാനാവില്ല. അതേസമയം, സമൂഹമാധ്യമങ്ങളിലും ഓൺലൈനിൽ പരതിയും കളയുന്ന സമയത്തെക്കുറിച്ച് ഒരു കണക്കു നല്ലതാണ്. ഇതിനു പുറത്തുള്ള ജീവിതത്തെക്കുറിച്ച് ധാരണയില്ലാതെയാണ് പലരും ജീവിക്കുന്നത്. സമൂഹ മാധ്യമങ്ങളിൽ നമ്മൾ പാഴാക്കുന്ന സമയം എത്രത്തോളമുണ്ടെന്ന് ഓർമിപ്പിക്കാൻ വേണ്ടിയാണ് ഈയൊരു ശ്രമമെന്നും നിക്കോളസ് ഫിനെറ്റ് പറയുന്നു.

## പാവിംഗ് പ്രോബ്ലം



1959 ൽ അവതരിപ്പിക്കപ്പെട്ട ഗണിതപ്രശ്നം പരിഹരിച്ച ഇന്ത്യൻ ഗണിതശാസ്ത്ര പ്രതിഭ നിഖിൽ ശ്രീവാസ്തവയ്ക്ക് അമേരിക്കൻ മാത്തമാറ്റിക്കൽ സൊസൈറ്റിയുടെ പ്രഥമ സിപ്രിയൻ ഫോയാസ് പുരസ്കാരം. നിഖിൽ ശ്രീവാസ്തവക്ക് പുറമേ ആദം മാർക്കസ്, ഡാനിയൽ സ്പീൽമാൻ എന്നിവർക്കാണ് പുരസ്കാരം ലഭിച്ചത്. റിച്ചാർഡ് കാഡിസനും ഇസഡോർ സിൻഗറും ചേർന്ന് 1959ൽ തയാറാക്കിയ ഗണിതശാസ്ത്ര പ്രശ്നത്തിനാണ് ഈ മൂവർസംഘം പരിഹാരം കണ്ടെത്തിയിരിക്കുന്നത്.

കലിഫോർണിയ സർവകലാശാലയിലെ അധ്യാപകനായ നിഖിൽ ശ്രീവാസ്തവയ്ക്ക് ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന മൂന്നാമത്തെ പ്രമുഖ പുരസ്ക്കാരമാണിത്. 2014ൽ ജോർജ് പോൾയ പ്രൈസും 2021ൽ ഹെൽഡ് പ്രൈസും അദ്ദേഹത്തെ തേടിയെത്തിയിട്ടുണ്ട്. നിഖിലിനൊപ്പം അമേരിക്കൻ മാത്തമാറ്റിക്കൽ സൊസൈറ്റിയുടെ പുരസ്കാരം പങ്കിടുന്ന ആദം മാർക്കസ് സ്വിറ്റ്സർലൻഡിലെ ഇക്കോൾ പോളിടെക്നിക് ഫെഡറെൽഡി ലോസന്നെ (EPFL) സർവകലാശാലയിൽ നിന്നുള്ളയാളാണ്. സ്റ്റാറ്റിസ്റ്റിക്സ്, ഡേറ്റാ സയൻസ്, ഗണിതശാസ്തം തുടങ്ങി വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പ്രഫസറാണ് ഡാനിയൽ സ്പീൽമാൻ.

‘പാവിംങ് പ്രോബ്ലം എന്നറിയപ്പെട്ടിരുന്ന ദ കാഡിസൺ സിങ്കർ ഗണിത പ്രശ്നമാണ് ഈ മൂവർസംഘം വിജയകരമായി പരിഹരിച്ചത്. 1959 മുതൽ പലരും ഉത്തരം കണ്ടെത്താൻ ശ്രമിച്ച ഗണിതപ്രശ്നമാണിത്. ഇവരുടെ പരിഹാരം മറ്റു പല ഗണിതപ്രശ്നങ്ങളിലും കൂടി ഉപയോഗിക്കാൻ ശേഷിയുള്ള ആശയങ്ങളാണ് നൽകിയിരിക്കുന്നത്’ എന്നായിരുന്നു അമേരിക്കൻ മാത്തമാറ്റിക്കൽ സൊസൈറ്റി പുരസ്കാരം പ്രഖ്യാപിച്ചുള്ള കുറിപ്പിൽ വിശദീകരിക്കുന്നത്.


| ചെയർമാൻ | ഡിറക്ടർ | മാനേജർ | ചീഫ് എഡിറ്റർ | വേദാഭിമാനി | വാർഷിക വരിസംഖ്യ | വരിസംഖ്യ അയക്കേണ്ട വിലാസം |
|---|---|---|---|---|---|---|
| ടി.എം. വർഗ്ഗീസ് | ഏബ്രഹാം മത്തായി | തോമസ് വർഗ്ഗീസ് ആഞ്ഞിലിത്താനം | ടൈറ്റസ് കാർത്തികപ്പള്ളി | കളർ I ഡിജിറ്റൽ I ഇ-പേപ്പർ ലഭ്യമാണ് | ഇന്ത്യ-Rs.250 മറ്റ് രാജ്യങ്ങൾ-Rs.2000 | വേദാഭിമാനി, കേരള 690516 |



# ദാസനോ വേലക്കാരനോ?

മലയാളത്തിൽ സുവിശേഷങ്ങൾ വായിക്കുമ്പോൾ, ദാസൻ, വേലക്കാരൻ, കൂലിക്കാരൻ എന്നീ വാക്കുകൾ തമ്മിൽ ഏറെ അർത്ഥവ്യത്യാസമൊന്നും ഉള്ളതായി നമുക്കു തോന്നുകയില്ല. 'യജമാനന് അവിദഗ്ധമായ പണികൾ ചെയ്തുകൊടുത്തു കൂലി വാങ്ങി ജീവിക്കുന്ന തൊഴിലാളി' എന്നതിനപ്പുറം വലിയ അർത്ഥബോധമൊന്നും ഈ വാക്കുകൾ നമ്മിൽ ഉണർത്തുന്നില്ല. എന്നാൽ ഈ മൂന്നു വാക്കുകളും മൂന്നുതരത്തിലുള്ള പണിക്കാരെയാണ് കുറിക്കുന്നതെന്നു സുവിശേഷങ്ങൾ സൂക്ഷ്മമായി വായിച്ചാൽ മനസ്സിലാകും.

"സ്വർഗ്ഗരാജ്യം തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിന് പുലർച്ചെക്കു പുറപ്പെട്ട വീട്ടുടയവനോടു സദൃശം' -കർത്താവു പറഞ്ഞ ഒരു ഉപമ ആരംഭിക്കുന്നതിങ്ങനെയാണ് (മത്തായി 20:1). അവിടെ നാം കാണുന്ന വേലക്കാർ (Labourers) പറഞ്ഞൊത്ത ഒരു കൂലിക്കുവേണ്ടി യജമാനനെ സേവിക്കുന്നവരാണ്. അവർക്ക് യജമാനന്റെ വീടുമായി വലിയബന്ധമില്ല. അവിടെ നിന്നു ഭക്ഷണമോ മറ്റ് ആനുകൂല്യങ്ങളോ അവർക്കു ലഭിക്കുന്നുമില്ല. കൃത്യമായ ഒരു ജോലിക്കുവേണ്ടി കരാർ അടിസ്ഥാനത്തിൽ പണി ചെയ്യുന്നവരാണവർ.



യജമാനനുമായി അവർക്ക് ആത്മബന്ധമൊന്നുമില്ല. അവർ തങ്ങളുടെ സ്വാതന്ത്ര്യം യജമാനന് അടിയറവച്ചിട്ടില്ല. ജോലി സമയം കഴിയുമ്പോൾ പറഞ്ഞൊത്ത കൂലി വാങ്ങി അവർക്കു സ്വന്തം വീടുകളിലേക്കു മടങ്ങാം. യജമാനനോടു കൂലിക്കുവേണ്ടി പിണങ്ങാനും യജമാനനെ വിമർശിക്കാൻ പോലുമോ അവർക്കു സ്വാതന്ത്യം ഉണ്ട്.

ധൂർത്തപുത്രന്റെ ഉപമയിൽ കാണുന്ന 'കൂലിക്കാരും' (Servants) ഏറെക്കുറെ ഇവരെപ്പോലെയാണ് (ലൂക്കോസ് 15:17, 18). പക്ഷേ അവർക്ക് യജമാനനുമായി കുറച്ചുകൂടി അടുത്തബന്ധമുണ്ട്. അവർ യജമാനന്റെ വീട്ടിലാണു പണിയെടുക്കുന്നത്. അവർ അവിടെ നിന്നു ഭക്ഷണം കഴിക്കുകയും ചെയ്യുന്നു. എന്നാൽ അവരും വൈകുന്നേരം കൂലി വാങ്ങി സ്വന്തഭവനങ്ങളിലേക്കു മടങ്ങുന്നു. അവർ തങ്ങളുടെ സ്വാതന്ത്യം യജമാനനു പണയപ്പെടുത്തിയിട്ടില്ല.

മുകളിൽ പറഞ്ഞ രണ്ടു കൂട്ടരിൽ നിന്നും വ്യത്യസ്തരാണ് ദാസന്മാർ (Slaves). അവർ അടിമകളാണ്. അവർക്കു സ്വാതന്ത്ര്യമില്ല. അവർ യജമാനന്റെ വീട്ടിൽ തന്നെയാണു താമസം. അവർക്ക് അവിടെനിന്നു ഭക്ഷണം ലഭിക്കുന്നുണ്ടെങ്കിലും അവർക്ക് സ്വന്തഇഷ്ടങ്ങളില്ല. അവർ എല്ലാ അർത്ഥത്തിലും യജമാനന്റെ ദാസരാണ്.

കർത്താവിന് ആവശ്യം വേലക്കാരെയല്ല, കൂലിക്കാരെയല്ല, മറിച്ച് ദാസന്മാരെയാണ്. തങ്ങളുടെ സ്വാതന്ത്ര്യവും അവകാശവും പൂർണമായി അടിയറവച്ചവർ. സ്വന്ത ഇഷ്ടങ്ങളില്ലാത്തവർ. നന്ദി പ്രതീക്ഷിക്കാത്തവർ (ലൂക്കോസ് 17:9). യജമാനന്റെ സന്തോഷത്തിനായി തങ്ങളെത്തന്നെ വിറ്റുകളഞ്ഞവർ. അടിമകൾ. ക്രിസ്തീയലോകത്ത് ഈ അർത്ഥത്തിലാണോ 'കർത്താവിന്റെ ദാസൻ' എന്ന് ഇന്നു വിശേഷിപ്പിക്കുന്നതും പരിചയപ്പെടുത്തുന്നതും? ബൈബിൾ സ്കൂളിലെ പഠനം ഒരുവനെ മുകളിൽ വിവരിച്ച നിലയിൽ കർത്താവിന്റെ ദാസനാക്കുമോ?

കർത്താവിന്റെ ദാസൻ-ആദ്യനൂറ്റാണ്ടിൽ അപ്പൊസ്തലന്മാരെല്ലാം അക്ഷരാർത്ഥത്തിൽ തന്നെ അങ്ങനെയായിരുന്നു. 'മറ്റൊരുവൻ അര കെട്ടുകയും ഇഷ്ടമില്ലാത്തിടത്തു കൊണ്ടുപോകുകയും' ചെയ്യുന്നതിൽ പരാതികളില്ലാത്തവർ. പത്രൊസ് (2 പത്രൊ.1:1), പൗലൊസ് (റോമ. 1:2, ഫിലി. 1:1) എന്നിവർ മാത്രമല്ല തങ്ങളെത്തന്നെ ക്രിസ്തുയേശുവിന്റെ ദസന്മാർ എന്നു പരിചയപ്പെടുത്തിയത്. യേശുവിന്റെ സ്വന്തം സഹോദരന്മാരായ യാക്കോബും (1:1) യൂദയും (1:1) അങ്ങനെ വിശേഷിപ്പിക്കപ്പെടുന്നതിൽ അഭിമാനിച്ചു. യേശുവിന്റെ അക്ഷരിക സഹോദരന്മാരെന്നു മേനി പറയുവാൻ ദാസ്യമനോഭാവം അവരെ അനുവദിച്ചില്ല.

കർത്താവിന്റെ ദാസന്റെ മനോഭാവമാണു നാമും ജീവിതത്തിലുടനീളം പുലർത്തുന്നതെന്നു നാം സ്വയം ചിന്തിച്ചേക്കാം. എന്നാൽ മത്തായി 20:1-16 ലെ ഉപമയിൽ യജമാനനോടു സംസാരിച്ചപ്പോൾ വേലക്കാർ പ്രകടമാക്കിയ മനോഭാവമാണു നമ്മെ മിക്കപ്പോഴും ഭരിക്കുന്നതെങ്കിൽ നാം വിനയത്തോടെ സമ്മതിക്കേണ്ടിയിരിക്കുന്നു, നാം കർത്താവിന്റെ ദാസന്മാരായിട്ടില്ല മറിച്ച് വേലക്കാരോ കൂലിക്കാരോ മാത്രമാണ്.

വേലക്കാർ പ്രകടമാക്കിയ മനോഭാവങ്ങൾ എന്തെല്ലാമാണ്? ഒന്നാമത് അവർക്ക് കൂലിയിലായിരുന്നു കണ്ണ്. കൂലിക്കു വേണ്ടിയായിരുന്നു അവരുടെ ജോലി. പ്രതിഫലത്തിലാണ് നമ്മുടെ കണ്ണെങ്കിൽ നാം ഇപ്പോഴും വേലക്കാരാണ്. കർത്താവിന്റെ ദാസന്മാരായിട്ടില്ല. യേശുവിന്റെ ശിഷ്യന്മാർ പ്രത്യേകിച്ചും പത്രോസ് ഒരിക്കൽ വേലക്കാരുടെ ഈ മനോഭാവം പ്രകടമാക്കി-'ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്ക് എന്തു കിട്ടും? (മത്തായി 19:27). പക്ഷേ പിന്നീട് അവിടെ നിന്ന് ബഹുകാതം മുന്നോട്ടു പോകുവാനും യേശുക്രിസ്തുവിന്റെ 'ദാസൻ' എന്ന മനോഭാവത്തിൽ എത്തിച്ചേരുവാനും പത്രോസിനു കഴിഞ്ഞു (2 പത്രോ, 1:1). ഇതു നമുക്കും വലിയ പ്രോത്സാഹനമാണ്. ഇന്ന് ഒരുപക്ഷേ വേലക്കാരെപ്പോലെ നാം കൂലിയും പ്രതിഫലവും പ്രതീക്ഷിക്കുന്നവരായിരിക്കാം. എന്നാൽ ദൈവഹിതത്തിനായി പൂർണഹൃദയത്തോടെ സമർപ്പിച്ചാൽ പത്രോസിനെപ്പോലെ നമുക്കു ദാസന്റെ മനോഭാവത്തിൽ എത്തിച്ചേരുവാൻ കഴിയും.



# കള്ളന്റെ ലോകത്തുനിന്ന് യേശുവിന്റെ വഴികളിലേക്ക്



പീലാത്തോസിന്റെ ഭാര്യ ക്ലോഡിയാ ഭർത്താവിനെ തിരുത്തുന്ന രംഗം ബൈബിളിൽ നാം കാണുന്നുണ്ട്. നീതിമാനെ അന്യായമായി വിധിക്കരുതെന്നാണ് അവൾ പറയുന്നത്. അന്യായമായ വിധി അവളുടെ ഹൃദയത്തെ അസ്വസ്ഥമാക്കുന്നുവെന്നും ഉറക്കം നഷ്ടപ്പെട്ടുവെന്നും പറയുന്നു. ഭർത്താവിന്റെ തെറ്റ് ഭാര്യയുടെ ജീവിതത്തെ അസ്വസ്ഥമാക്കുന്നു. സക്കായിയുടെ അപരാധങ്ങൾ അയാളുടെ ജീവിതത്തെ ആകമാനം ബാധിക്കുന്നു. സ്വയം തിരുത്തുവാൻ മനസ്സു കാണിച്ചപ്പോൾ അയാളും കുടുംബവും രക്ഷപ്പെട്ടു, നമ്മുടെയൊക്കെ തെറ്റുകൾ നമ്മെ മാത്രമല്ല നമ്മളുമായി ബന്ധപ്പെട്ടവരെയും ബാധിക്കുന്നു. ക്ലോഡിയായെപ്പോലെ നമ്മുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നവരുണ്ട്. ഒരു കുളത്തിൽ വീണ കല്ലുപോലെയാണ് നമ്മുടെ ജീവിതം. ധാരാളം ഓളങ്ങൾ ആ കല്ല് കുളത്തിൽ സൃഷ്ടിക്കുന്നു. നമ്മുടെ സംസാരവും ജീവിതവും മറ്റുള്ളവരുടെ ജീവിതത്തെയും സ്വാധീനിക്കുന്നു. നന്മ ചെയ്താലും തിന്മ ചെയ്താലും ഈ ഓളങ്ങൾ ഉയർന്നുവരും. തിരുത്തലുകൾ സന്തോഷത്തോടെ സ്വീകരിച്ച് ജീവിതത്തെ നവീകരിക്കാൻ നമുക്ക് ശ്രദ്ധിക്കാം.



കർത്താവ് സഹനത്തിലൂടെ കടന്നുപോകുമ്പോൾ പത്രോസ് തീയുടെ ചൂടിൽ കുളിരകറ്റുകയായിരുന്നു. അപ്പോൾ പരിചാരികമാരിൽ ഒരാൾ വന്ന് പത്രോസിനെ ഒരു കാര്യം ഓർമ്മിപ്പിച്ചു. നീ അവന്റെ ശിഷ്യനല്ലേ? ഓർമ്മപ്പെടുത്തലിന്റെ ആ ശബ്ദം പത്രോസിൽ മാനസാന്തരത്തിന്റെ വിത്തുവിതച്ചു. നമ്മൾ ജീവിക്കുന്ന ലോകത്തിൽ നാം ചെയ്യുന്ന പല കാര്യങ്ങളും ഓർമ്മിപ്പിക്കുവാനായി ദൈവം ചില വ്യക്തികളെ അയയ്ക്കുന്നു. ലഭിച്ചിരിക്കുന്ന ജീവിതാന്തസിനും ഉത്തരവാദിത്വത്തിനും ചേരാത്ത സംസാരങ്ങൾ പ്രവൃത്തികൾ നമ്മിൽ സംഭവിക്കുന്നുണ്ടോ? മൂന്നു പ്രാവശ്യം പത്രോസിന്റെ ജീവിതത്തിൽ ഈ ഓർമ്മപ്പെടുത്തലുകൾ സംഭവിക്കുന്നുണ്ട്. അതിനിടയിൽ കോഴി കൂവുന്നു. കോഴി കൂവുന്നു എന്നുപറഞ്ഞാൽ പ്രപഞ്ചം ഉണർന്നു എന്നാണ് അർത്ഥം. കോഴിയുടെ കൂവൽ പത്രോസിനെ ഉണർത്തി. ഹൃദയമുരുകി കരയുന്ന പത്രോസിനെയാണ് പിന്നെ കാണുന്നത്. ശരിയായ ഓർമ്മപ്പെടുത്തലുകൾ ആരെങ്കിലുമൊക്കെ നമുക്കു നൽകുമ്പോൾ വിനയപൂർവ്വം നമുക്കവയെ സ്വീകരിക്കാം. ശരിയായ നന്മ നിറഞ്ഞ ഓർമ്മപ്പെടുത്തലുകളെ നാം അംഗീകരിക്കണം. അവിടെ ഒരു പുതുജനനം നമ്മിൽ സംഭവിക്കും.

കുരിശിന്റെ വഴിയിലൂടെ യേശു കടന്നുപോകുമ്പോൾ ജറുസലേം പുത്രിമാർ യേശുവിനെ നോക്കി കരഞ്ഞു. നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്തു കരയുവാൻ യേശു അവരോട് പറയുന്നു. ധ്യാനപൂർവ്വമായ ഒരു ചിന്തയിലേക്കാണ് യേശു അവരെ നയിച്ചത്. നമ്മുടെയൊക്കെ വാക്കുകളും പ്രവൃത്തികളും നമ്മിൽ നിന്നു ജനിക്കുന്ന സന്താനങ്ങളാണ്. അവയുടെ ഉത്തരവാദിത്വം നമ്മുടേതാണ്. വായിൽനിന്നു പോയ വാക്കുകളും കയ്യിൽ നിന്നുപോയ കല്ലുകളും തിരിച്ചെടുക്കാനാവില്ലല്ലോ. ഒരു മനുഷ്യന്റെ പാപങ്ങൾ മോചിക്കപ്പെട്ടാലും ആ പ്രവൃത്തികൾ സൃഷ്ടിച്ച മുറിപ്പാടുകൾ മായുന്നില്ല. നമ്മൾ ജീവിക്കുന്ന ലോകത്തെ നാം എങ്ങനെ സൃഷ്ടിക്കുന്നു? ഞാൻ ജനിച്ചുവീണ ലോകത്തെക്കാൾ അല്പം കൂടെ മെച്ചപ്പെട്ടതാകണം ഞാൻ ജീവിക്കുന്ന ലോകം. അതിനായി ഞാൻ എന്തുചെയ്യണം? എന്റെ സുഖവും സന്തോഷവും മാത്രം നോക്കി ജീവിക്കുന്ന ഒരു ജീവിതമാണോ ഞാൻ നയിക്കുന്നത്. ഞാൻ സന്തോഷിക്കുമ്പോൾ ആ സന്തോഷം ചുറ്റുമുള്ളവരുടെ ലോകത്തെ വേദനിപ്പിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ ഞാൻ പാപത്തിലാണ് ജീവിക്കുന്നത്. എന്റെ ചുറ്റുപാടുമുള്ളവരെ സന്തോഷിപ്പിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ? കുരിശിന്റെ വഴിയിലെ യേശുവിന്റെ വാക്കുകൾ നമുക്കും ധ്യാനിക്കാം.

'ഇവർ ചെയ്യുന്നത് എന്തെന്നറിയായ്കയാൽ ഇവരോട് ക്ഷമിക്കണമേ' എന്നു പ്രാർത്ഥിച്ചുകൊണ്ട് യേശു കുരിശിൽ ജീവനർപ്പിച്ചു. നമ്മോടു തെറ്റു ചെയ്യുന്നവരോട് ക്ഷമിക്കുവാനും അവർക്കു മാപ്പുകൊടുക്കുവാനും ക്രൂശിതൻ ക്ഷണിക്കുന്നു. ആരെന്തു ചെയ്താലും അതവരുടെ അറിവില്ലായ്മകൊണ്ടാണെന്ന് ചിന്തിക്കുവാൻ നമുക്കു കഴിയുമോ? അങ്ങനെ ഒരു ചിന്ത ഹൃദയത്തിലുണ്ടായാൽ നമ്മുടെ മനസ്സ് ശാന്തമാകും. കൃപയുടെ നീർച്ചാലുകൾ ആ ഹൃദയത്തിൽ ഒഴുകിയിറങ്ങും. കർത്താവിന്റെ പറുദീസാ കള്ളനിലേക്ക് വ്യാപിച്ചത് ഈ ക്ഷമയുടെ പ്രാർത്ഥന കണ്ടപ്പോഴാണ്. കള്ളന്റെ ലോകത്തുനിന്നു കർത്താവിന്റെ ലോകത്തിലേക്ക് ഒരുവനെ വളർത്തുന്നത് ഇപ്രകാരമുള്ള ക്ഷമയുടെ വഴികളാണ്.


# ബാലവേദി


## ശബ്ദവും ഭൂമിയും



**സൗ**രയൂഥത്തിൽ ഏറ്റവും നന്നായി നമ്മുടെ ശബ്ദം കേൾക്കുന്ന സ്ഥലം ഭൂമിയാണ്. വളരെ കട്ടിയുള്ളതോ തീരെ നേർത്തതോ അല്ലാത്ത അന്തരീക്ഷമാണ് ഇതിന് കാരണം. ഇവിടെ ഏറ്റവും കുടുതലുള്ളത് നൈട്രജൻ ആയതുകൊണ്ടും കുഴപ്പക്കാരനായ കാർബൺഡയോക്സൈഡ് വളരെ കുറവായതുകൊണ്ടും ശബ്ദതരംഗങ്ങൾക്ക് വലിയ കേടുപാടുകളൊന്നും സംഭവിക്കില്ല! അതായത് ഭൂമിയിൽ ശബ്ദത്തിന് സ്വാതന്ത്രമായി സഞ്ചരിക്കാം.

നമ്മുടെ തൊണ്ടയിലുള്ള സ്വനതന്തുക്കൾ (Vocal Cords/Vocal Folds) എന്നു വിളിക്കുന്ന ഭാഗം വിറയ്ക്കുമ്പോഴാണ് (Vibration) നമുക്ക് സംസാരിക്കാനും പാടാനുമൊക്കെ സാധിക്കുന്നത്. ശ്വാസകോശത്തിൽനിന്ന് വരുന്ന വായു നൽകുന്ന ഊർജ്ജമാണ് ഇവയെ ഇങ്ങനെ വിറപ്പിക്കുന്നത്. ഏത് ഗ്രഹത്തിൽ പോയാലും നമ്മുടെ ശബ്ദം ഉണ്ടാകുന്നത് ഇങ്ങനെതന്നെയാണ്.

അന്തരീക്ഷത്തിലെ വാതകങ്ങൾ വഴിയാണ് ശബ്ദം സഞ്ചരിക്കുന്നത് എന്നറിയാമല്ലോ. ഓരോ ഗ്രഹത്തിന്റെ അന്തരീക്ഷത്തിലും ഓരോ തരം വാതകങ്ങളാവും ഉണ്ടാവുക. ആ വാതകങ്ങളുടെ സ്വഭാവത്തിനനുസരിച്ച് നമ്മുടെ ശബ്ദത്തിലും വ്യത്യാസം വരും. ചില വാതകങ്ങൾ ശബ്ദതരംഗങ്ങളുടെ നല്ലൊരു ഭാഗവും വിഴുങ്ങിക്കളയും. അതോടെ നമ്മുടെ ശബ്ദം അടി മുടി മാറും.

ടാറിട്ട പുത്തൻ റോഡിലും കുണ്ടും കുഴിയുമുള്ള മൺ വഴിയിലും വണ്ടികൾ ഒരുപോലെയല്ലല്ലോ സഞ്ചരിക്കുക. ഇതുപോലെതന്നെയാണ് ശബ്ദത്തിന്റെ കാര്യവും. വഴി മാറുമ്പോൾ ശബ്ദവും മാറും. ഇതാണ് ഓരോ ഗ്രഹത്തിലും നമ്മുടെ ശബ്ദം ഓരോ തരത്തിൽ കേൾക്കാൻ കാരണം!

ചൊവ്വയിൽ ചെന്ന് നമ്മൾ എത്ര ഉച്ചത്തിൽ ഒച്ചവെച്ചാലും ചിലപ്പോൾ ആരും കേട്ടെന്നു വരില്ല! അതിന് പ്രധാന കാരണം ചൊവ്വയിലെ കാർബൺഡയോക്സൈഡിന്റെ അളവാണ്. ചൊവ്വയുടെ അന്തരീക്ഷത്തിന്റെ ഏതാണ്ട് 95 ശതമാനവും കാർബൺഡയോക്സൈഡ് ആണ്. അത് ശബ്ദതരംഗങ്ങളെ കാര്യമായി അകത്താക്കിക്കളയും. അതുകൊണ്ട് ഗാനമേളകൾക്കൊക്കെ ഉപയോഗിക്കുന്ന തരം വലിയ സ്പീക്കറുകൾ ഉപയോഗിച്ച് 'ഫുൾ വോളിയത്തിൽ' സംസാരിച്ചാലും കഷ്ടിച്ച് ഒരു പത്തുമീറ്റർ ദൂരം വരെ വളരെ ചെറുതായി എന്തെങ്കിലും കേട്ടാലായി!

ചൊവ്വയിലെ തണുത്തുറഞ്ഞ കാറ്റിലൂടെ ഒച്ച് ഇഴയുന്നതുപോലെയേ ശബ്ദം സഞ്ചരിക്കൂ. അതുകൊണ്ട് ഉച്ചത്തിൽ പറയുന്ന കാര്യങ്ങൾ പോലും അവ്യക്തമായിരിക്കും.

---

## പീൽ പി50



**ലോ**കത്തിൽ ഇന്നോളം നിർമ്മിച്ചിട്ടുള്ള കാറുകളിൽ ഏറ്റവും ചെറുത് എന്ന ഗിന്നസ് റെക്കോർഡ് വാങ്ങി 'ഡിക്കിയിൽ' ഇട്ട വണ്ടിയാണ് പീൽ പി50. ഒന്നര മീറ്ററിൽ താഴെ മാത്രം നീളമുള്ള ഈ കുഞ്ഞൻ കാറിൽ ഒരാൾക്കേ കയാറാനാവൂ! ആദ്യകാലത്ത് ഈ മൂന്നുചക്ര കാറിൽ റിവേഴ്സ് ഗിയർ ഉണ്ടായിരുന്നില്ല! പിന്നോട്ട് പോകണമെങ്കിൽ ഡ്രൈവർ ഇറങ്ങി വണ്ടിയുടെ പിന്നിൽ പിടിച്ച് വലിച്ചുനീക്കണം! 1962–1965 കാലത്ത് റോഡിലിറങ്ങിയ ഈ കാർ 2010 മുതൽ വീണ്ടും നിർമ്മിക്കാൻ ആരംഭിച്ചു

---



## അമേരിക്കൻ ഡ്രീം

**ട്രെ**യിനിലെ ഒരു കംപാർട്ട്മെന്റിനേക്കാൾ നീളമുള്ള കാർ! 1986–ൽ ജേ ഓർബെർഗ് എന്ന അമേരിക്കക്കാരൻ നിർമ്മിച്ച 30.5 മീറ്റർ നീളമുള്ള വണ്ടി ലോകത്തിലെ ഏറ്റവും നീളമുള്ള കാർ എന്ന ഗിന്നസ് റിക്കാർഡ് സ്വന്തമാക്കി! സ്വിമ്മിങ് പൂളും വിശാലമായ കിടക്കയുമാക്കെയുള്ള ഈ ആഡംബരക്കാറിനെ 'ദി അമേരിക്കൻ ഡ്രീം' എന്നാണ് വിളിക്കുന്നത്.

## LIGHT IDIOMS

ഇംഗ്ലീഷിലെ രസകരമായ ശൈലികൾ പരിചയപ്പെടാം! STAND എന്ന വാക്ക് വരുന്ന ചില ശൈലികളാണ് ഈ ലക്കത്തിൽ.

**Make your hair stand on end**
വല്ലാതെ പേടിപ്പിക്കുക എന്നാണ് ഇതിന്റെ അർത്ഥം

*That horror movie with the evil ghost made my hair stand on end!*

**Can't stand the sight of**
എന്തെങ്കിലും ഒരു കാര്യത്തോടുള്ള അനിഷ്ടം പ്രകടിപ്പിക്കാനുള്ള ശൈലി

*Maria wanted to be a doctor, but she could't stand the sight of wounds. So she became a teacher*

## ഡാർക്ക് നെറ്റ്



**തീ**വ്രവാദികളും കുറ്റവാളികളും ഹാക്കർമാരുമൊക്കെ വിഹരിക്കുന്ന ഇന്റർനെറ്റിലെ അധോലോകം. നിയമവിരുദ്ധമായ എന്തു സാധനവും വാങ്ങാനും വിൽക്കാനും പറ്റുന്ന കൊടും ക്രിമിനലുകളുടെ വിപണി. ഇതൊക്കെയാണോ ഡാർക്ക് നെറ്റ് അല്ലെങ്കിൽ ഡാർക്ക് വെബ്? ആണെന്നും അല്ലെന്നും പറയാം!

ഡാർക്ക് നെറ്റിനെപ്പറ്റി പറയും മുമ്പ് സർഫസ് വെബും ഡീപ് വെബും എന്താണെന്നറിയണം.

ഗൂഗിൾ പോലുള്ള സേർച്ച് എൻജിനുകളിൽ പരതുമ്പോൾ നമ്മുടെ മുമ്പിൽ എത്തുന്ന വെബ് പേജുകളെല്ലാം ചേരുന്നതാണ് സർഫസ് വെബ്. വിക്കിപീഡിയയും വാർത്താ വെബ്സൈറ്റുകളും ഒക്കെ ഉദാഹരണം. കടലിനടിയിലെ ഒരു വലിയ മഞ്ഞുമലയാണ് ഇന്റർനെറ്റ് എങ്കിൽ വെള്ളത്തിനു മുകളിൽ കാണുന്ന അതിന്റെ ചെറിയ ഒരു ഭാഗം മാത്രമാണ് സർഫസ് വെബ്. വേൾഡ് വൈഡ് വെബിന്റെ വെറും അഞ്ചുശതമാനത്തിൽ താഴെ സർഫസ് വെബ്ബിനു താഴെയാണ് ഡീപ് വെബ്. ഇ–മെയിൽ അക്കൗണ്ടുകൾ, നെറ്റ് ബാങ്കിങ്, പണം മുടക്കി മാത്രം ഉപയോഗിക്കാൻ കഴിയുന്ന ഓൺലൈൻ മാസികകൾ, ഒ.ടിടി പ്ലാറ്റ്ഫോമിലെ വീഡിയോകൾ തുടങ്ങി ഗൂഗിൾ സേർച്ചിലൂടെ ആർക്കും ഈസിയായി കണ്ടെത്താനോ കയറിച്ചെല്ലാനോ കഴിയാത്ത കാര്യങ്ങളുള്ള സ്ഥലമാണ് ഡീപ് വെബ്. വെബ് ലോകത്തിന്റെ ഏതാണ്ട് 95 ശതമാനവും ഇവിടെയാണ്

ഡീപ് വെബിന്റെ ചെറിയ ഒരു ഭാഗം മാത്രമാണ് ഡാർക്ക് നെറ്റ്. പ്രത്യേകതരം ബൗസിങ് സോഫ്റ്റ്വെയറുകൾ ഉപയോഗിച്ചുമാത്രമേ അവിടെയെത്താനാകൂ.

ഡാർക്ക് നെറ്റ് ഉപയോഗിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള ഒരു വിവരവും എളുപ്പത്തിൽ കണ്ടുപിടിക്കാനാവില്ല. അതുകൊണ്ടുതന്നെ സൈബർ ലോകത്തെ കുറ്റവാളികളുടെ പ്രിയപ്പെട്ട ഇടമായി ഡാർക്ക് നെറ്റ് മാറി. അവിടത്തെ പണമിടപാടുകളെല്ലാം പ്രധാനമായും ക്രിപ്റ്റോകറൻസി എന്ന 'ഇന്റർനെറ്റ് പണം' ഉപയോഗിച്ചാണ് നടത്തുന്നത്. എന്നിട്ടും ഡാർക്ക് നെറ്റിലെ ചില കച്ചവടങ്ങൾ പൊലീസ് പൂട്ടിച്ചിട്ടുണ്ട്.

എങ്കിലും ഡാർക്ക് നെറ്റ് മുഴുവൻ അത്ര 'ഡാർക്ക്' ഒന്നുമല്ല. ഭരണകൂടത്തിന്റെയും മറ്റും കണ്ണിൽപ്പെടാതെ അഴിമതികളുടെയും മറ്റും വിവരങ്ങൾ പുറംലോകത്തെത്തിക്കുന്നവരും മാധ്യമപ്രവർത്തകരുമെല്ലാം ഡാർക്ക് നെറ്റ് ഉപയോഗിക്കാറുണ്ട്.



## രുചിയും മണവും അറിയാൻ കഴിയില്ലെങ്കിൽ!

**ഭ**ക്ഷണമോ പാനീയങ്ങളോ സുഗന്ധമോ ഒന്നും ആസ്വദിക്കാനാവാത്ത ഒരു അറുബോറൻ ജീവിതമായിപ്പോയേനേ!

പെർഫ്യൂമുകളെക്കുറിച്ചോ മറ്റു സുഗന്ധദ്രവ്യങ്ങളെക്കുറിച്ചോ ആരും ചിന്തിക്കുകപോലുമില്ല! മാത്രമല്ല രുചിയുമായും മണവുമായും ബന്ധപ്പെട്ട വാക്കുകളൊന്നും ഒരു ഭാഷയിലും ഉണ്ടാകുകയുമില്ല!

മധുരപലഹാരങ്ങളോ, ചോക്കലേറ്റുകളോ കൊതിപ്പിക്കുന്ന മറ്റ് ഭക്ഷണസാധനങ്ങളോ ഉണ്ടാകുമായിരുന്നില്ല. വിശപ്പും ദാഹവും അടക്കാൻ എന്തെങ്കിലും കഴിക്കും. അത്രതന്നെ! വമ്പൻ ഭക്ഷണശാലകളൊന്നും ആരുടെയും സ്വപ്നത്തിൽ പോലും വരില്ല. ഒപ്പം, കുക്കറിഷോകളും ഷെഫുമാരും ഒന്നും ഉണ്ടാകില്ല.

കയ്പ്പും പുളിയും എരിവും ഒന്നും അറിയാത്തതുകൊണ്ട് കണ്ണിൽ കാണുന്ന ഇലകളും പഴങ്ങളും പച്ചക്കറികളും എന്തിന് മുളകു വരെ ചുമ്മാ അകത്താക്കിയേനേ! മണവും രുചിയും നോക്കി ചെടികളൊന്നും തിരിച്ചറിയാൻ കഴിയാതെ വരും. അതോടെ നാട്ടുചികിത്സകളിലെ ഔഷധനിർമ്മാണം ബുദ്ധിമുട്ടാകും.

തീയിൽ പാകം ചെയ്ത ഭക്ഷണം ശീലിക്കാൻ ഇടയില്ല. ഇറച്ചിയും മീനുമൊക്കെ പച്ചയ്ക്ക് അകത്താക്കാനും സാധ്യതയുണ്ട്!

ശുദ്ധജലവും മലിനജലവും തിരിച്ചറിയാനാവാതെ പകർച്ചവ്യാധികൾ പടരും. കടൽവെള്ളമൊക്കെ കിണർ വെള്ളംപോലെ കുടിക്കും. കേടായ ആഹാരവും മനസ്സിലാക്കാൻ ബുദ്ധിമുട്ടാകും. ചായയും കാപ്പിയും ഒന്നും നമ്മുടെ ഇഷ്ടങ്ങളിൽ കയറിപ്പറ്റില്ല. ദൈവസൃഷ്ടിയുടെ സവിശേഷത തന്നെയാണിതെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു.

## നിശബ്ദമായ ബഹിരാകാശം

**സൂ**ര്യനെ ചുറ്റുന്ന മറ്റ് ഗ്രഹങ്ങളും ഉപഗ്രഹങ്ങളും ഒക്കെ ബഹിരാകാശം പോലെ ഏതാണ്ട് നിശബ്ദമാണ്! കാരണം, അവയിൽ ചിലതിൽ അന്തരീക്ഷമേയില്ല. ചിലതിലാവട്ടെ പേരിനു മാത്രം നേർത്ത അന്തരീക്ഷം കാണാം. ഇതിൽ രണ്ടിലും ശബ്ദത്തിന് സഞ്ചരിക്കാൻ വേണ്ടത്ര വാതകങ്ങൾ ഉണ്ടാവില്ല. അതുകൊണ്ടുതന്നെ മനുഷ്യന്റെ ശബ്ദം ചെറുതായെങ്കിലും കേൾക്കാനുള്ള സാധ്യത ഇവിടങ്ങളിൽ വളരെ കുറവാണ്! അതുകൊണ്ട് ബൈബിൾ പറയുന്നതുപോലെ ഭൂമിമാത്രമാണ് മനുഷ്യന് വാസയോഗ്യമായത്.



# പരസ്യമായ ശിഷ്യത്വം



'ചില ദിവസം കഴിഞ്ഞശേഷം അവൻ പിന്നെയും കഫർന്നഹൂമിൽ ചെന്നു. അവൻ വീട്ടിലുണ്ടെന്നു ശ്രുതിയായി" (മർക്കോ.2:1). അതെ, യേശു ഒരു വീട്ടിലുണ്ടെങ്കിൽ അതു രഹസ്യമായി ഏറെനാൾ വയ്ക്കാൻ കഴിയുകയില്ല. അതു നാട്ടിൽ പാട്ടാകും.



**ജീവസന്ദേശം**

ടി.എം.വർഗ്ഗീസ് ഓതറ

തന്റെ ജീവിതത്തിന്റെ വെളിച്ചത്തിൽ വ്യക്തമായ ഈ പ്രമാണം യേശു പിന്നീടൊരു സന്ദർഭത്തിൽ ഇങ്ങനെ പറയുന്നു: "മൂടി വച്ചത് ഒന്നും വെളിച്ചത്തുവരാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല. ആകയാൽ നിങ്ങൾ ഇരുട്ടത്ത് പറഞ്ഞത് എല്ലാം വെളിച്ചത്തു കേൾക്കും. അറകളിൽ വച്ചു ചെവിയിൽ മന്ത്രിച്ചതു പുരമുകളിൽ ഘോഷിക്കും" (ലൂക്കോസ് 12:2,3). രഹസ്യമായ ശിഷ്യത്വം എന്നെങ്കിലും പരസ്യമാകാതിരിക്കുകയില്ല എന്നു സാരം.

ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണം അരിമത്യയിലെ യോസഫാണ്. യോസേഫിനെ സംബന്ധിച്ച രഹസ്യം ഒരിക്കൽ പരസ്യമായതിനെക്കുറിച്ച് ദൈവവചനം ഇങ്ങനെ രേഖപ്പെടുത്തുന്നു: "അനന്തരം യെഹൂദന്മാരെ പേടിച്ചിട്ടു രഹസ്യത്തിൽ യേശുവിന്റെ ഒരു ശിഷ്യനായിരുന്ന അരിമത്യയിലെ യോസേഫ് യേശുവിന്റെ ശരീരം എടുത്തുകൊണ്ടുപോകുവാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. പീലാത്തോസ് അനുവദിക്കുകയാൽ അവൻ വന്നു അവന്റെ ശരീരം എടുത്തു" (യോഹ.19:38). യോസേഫ് യേശുവിന്റെ ഒരു രഹസ്യശിഷ്യനായിരുന്നു. എന്നാൽ അവിടുത്തെ മരണത്തോടെ അവൻ പരസ്യമായി മുന്നോട്ടു വന്ന് പീലാത്തോസിനോട് അനുവാദം വാങ്ങി അവിടുത്തെ ശരീരം സ്വന്തം കല്ലറയിൽ സംസ്കരിച്ചു ചരിത്രത്തിൽ തന്റേതായ പരസ്യമായ ഒരു ഇടം കണ്ടെത്തി. ഉവ്വ്, "മൂടിവച്ചത് ഒന്നും വെളിച്ചത്തുവരാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല.'



ഒരാൾ എടുക്കുന്ന ധീരമായ നിലപാട് മറ്റൊരാളെയും പരസ്യമായി രംഗത്തു വരാൻ പ്രേരിപ്പിക്കും എന്ന സത്യത്തിന് അടിവരയിട്ടുകൊണ്ട് അരിമത്യക്കാരൻ യോസേഫിന്റെ പരസ്യ സാക്ഷ്യം മറ്റൊരു രഹസ്യ ശിഷ്യനെയും വെല്ലുവിളിക്കുന്നതും തൊട്ടടുത്ത വാക്യത്തിൽ നാം കാണുന്നു. "രാത്രിയിൽ അവന്റെ അടുക്കൽ വന്ന നിക്കോദേമൊസും ഏകദേശം നൂറു റാത്തൽ മൂറും അകിലും കൊണ്ടുള്ള ഒരു കൂട്ടു കൊണ്ടുവന്നു." (19:39). പരീശപ്രമാണിയായ നിക്കോദേമൊസ് യേശുവിന്റെ അടുക്കൽ ആദ്യം വന്നതു രാത്രിയിലാണ് (യോഹ. 3:2). പക്ഷേ ഇപ്പോൾ പകൽവെട്ടത്ത് അവനു പരസ്യമായ ഒരു നിലപാടെടുക്കാതിരിക്കാൻ ആവില്ല. അതെ, 'ഇരുട്ടത്ത് പറഞ്ഞത് എല്ലാ വെളിച്ചത്തു കേൾക്കും.'

'ചെവിയിൽ മന്ത്രിച്ചതു പുരമുകളിൽ ഘോഷിക്കും' എന്ന ലൂക്കോസ് 12:3 ൽ തുടർന്നു കാണുന്നു. 'പുരമുകളിൽ' എന്നതിനു 'മലമുകളിൽ' എന്നൊരു പാഠഭേദം കൊണ്ടുവന്നാൽ ആ വചനം ഏറ്റവും കൂടുതൽ പ്രസക്തമാകുന്ന മറ്റൊരാൾ യേശുവിന്റെ ക്രൂശിൻ ചുവട്ടിലുണ്ട് – ശതാധിപൻ. യേശുവിനെ ക്രൂശിച്ച മലയുടെ മുകളിൽ നിന്നിതാ പെട്ടന്ന് ഉച്ചത്തിലൊരു ഘോഷം: "ഇവൻ ദൈവപുത്രൻ ആയിരുന്നു സത്യം. ഈ മനുഷ്യൻ വാസ്തവമായി നീതിമാൻ ആയിരുന്നു' (മത്തായി 27:54; ലൂക്കോസ് 23:47). നിങ്ങൾ ശ്രദ്ധിച്ചോ? : 'യേശു സാക്ഷാൽ ദൈവപുത്രൻ ആയിരുന്നു' എന്നു ക്രൂശിന്റെ ചുവട്ടിൽ നിന്ന് ഉച്ചത്തിൽ ആദ്യം പ്രഘോഷിച്ചത് അവിടെ നിന്ന അരുമശിഷ്യൻ യോഹന്നാനല്ല. അമ്മ മറിയയല്ല, മറിച്ച് ഒരു റോമൻ ശതാധിപനാണ്. ഈ പരസ്യസാക്ഷ്യം പെട്ടന്നുണ്ടായ ഒരു തോന്നലിന്റെ ഫലമല്ല. നൂറു പട്ടാളക്കാരുടെ അധിപനായ ഇദ്ദേഹം ഏറ്റവും കുറഞ്ഞത് ആറേഴുമണിക്കൂറായി യേശുവിനോടൊപ്പമുണ്ട്. റോമൻ ഗവർണറായ പീലാത്തോസിന്റെ അരമനയിൽ നടന്ന വിചാരണയിൽ ഈ തടവുകാരൻ എത്ര കുലീനമായാണു പെരുമാറിയതെന്ന് ശതാധിപൻ ശ്രദ്ധിച്ചിരിക്കാം. പീലാത്തോസ് യേശുവിനെ 'നീതിമാൻ' എന്നു പ്രഖ്യാപിക്കുന്നതിനോടു ചേർന്നു നില്ക്കുന്നതാണ് ശതാധിപന്റെ ആന്തരിക സാക്ഷ്യവും. കാരണം ഒടുവിൽ മലമുകളിലെ പരസ്യസാക്ഷ്യത്തിൽ പീലാത്തോസിനെ അനുകരിച്ച് 'ഈ മനുഷ്യൻ വാസ്തവമായി നീതിമാനായിരുന്നു' എന്നാണല്ലോ ശതാധിപനും പറയുന്നത്! തുടർന്നു പടയാളികൾ അവനെ രക്താംബരം ധരിപ്പിച്ച് മുള്ളുകൊണ്ടുള്ള കിരീടം ചൂടിച്ച് അടിച്ചും തുപ്പിയും പരിഹസിച്ചും നടത്തിക്കൊണ്ടുപോകുന്നു. വഴിയിലുടനീളം തന്നെ നിന്ദിക്കുന്ന പരീശന്മാരും മഹാപുരോഹിതന്റെ പിണിയാളുകളും. തന്നോടു സഹതപിക്കുന്ന യെരുശലേം പുത്രിമാർ, അവരോടുള്ള അവന്റെ പ്രതികരണം. തുടർന്നു ക്രൂശീകരണത്തിന്റെ ഭാഗമായുള്ള പീഡനങ്ങൾ, ക്രൂശിൽ കിടക്കുമ്പോഴും മറ്റുള്ളവരോടുള്ള സൗമ്യമായ പെരുമാറ്റം, ഒടുവിൽ ക്രൂശിലെ സപ്തമൊഴികൾ – ഇവയെല്ലാം താൻ ക്രൂശിക്കാറുള്ള മറ്റു തടവുപുള്ളികളെപ്പോലെയല്ല, ഇവൻ വ്യത്യസ്തനാണ്, ഇവൻ നീതിമാനാണ്, അതിനും അപ്പുറത്ത് ഇവൻ സാക്ഷാൽ ദൈവപുത്രനാണ് എന്ന ബോധ്യം ശതാധിപനു നൽകി. മണിക്കുറുകൾ കടന്നു പോകെ ശതാധിപനിൽ ഈ ബോധം വർദ്ധിച്ചുവരികയും സാക്ഷാൽ ദൈവപുത്രനായവന്റെ മുമ്പിൽ ഹൃദയം കൊണ്ട് അടിയറവു പറയുകയും ചെയ്തിരിക്കാം. രഹസ്യത്തിൽ മറ്റാരും അറിയാതെ നടന്ന ഒരു സമർപ്പണം. എന്നാൽ യേശു ശാന്തമായി തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ ഏല്പിച്ച് ഒരു കുഞ്ഞ് ഉറങ്ങുംപോലെ സ്വസ്ഥമായി മരണത്തെ പുൽകിയപ്പോൾ അതു കണ്ടുനിന്ന ശതാധിപനു തന്റെ രഹസ്യസമർപ്പണം പരസ്യമാക്കാതിരിക്കാൻ കഴിഞ്ഞില്ല. പരിശുദ്ധാത്മാവ് ഹൃദയത്തിൽ മന്ത്രിച്ചതു ശതാധിപൻ മലമുകളിൽ ഘോഷിക്കുന്നു– 'ഇവൻ വാസ്തവമായും ദൈവപുത്രനായിരുന്നു.'

യേശുവുമായി ബന്ധപ്പെട്ടു തന്റെ രഹസ്യശിഷ്യന്മാരായിരിക്കുകയും പിന്നീടു പരസ്യനിലപാടെടുക്കുകയും ചെയ്ത ചിലരെക്കുറിച്ചാണു നാം ചിന്തിച്ചത്. ചെറിയ ഒരു തുടക്കമായിരുന്നു ഇവരുടേത്. പക്ഷേ തങ്ങളിലെ ചെറിയ ജ്വാലയെ അവർ പറകൊണ്ട് മൂടിക്കെടുത്തിക്കളയാതിരുന്നപ്പോൾ യോഹന്നാൻ സ്നാപകനെക്കുറിച്ചു നാം വായിക്കുന്നതുപോലെ അവർ 'ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കുക' ളായി (യോഹ.5:35) മാറി. നമ്മെക്കുറിച്ചും ദൈവം ആഗ്രഹിക്കുന്നത് മറ്റൊന്നല്ല. നമ്മിൽ ഒരു ചെറിയ വെളിച്ചമാണോ ഇന്നുള്ളത്? ഈ ലോകത്തിന്റെ കാറ്റുകൾക്കു മുൻപിൽ അതിനെ അണയാതെ സൂക്ഷിക്കുക. എങ്കിൽ അവിടുന്ന് അതിനെ അഗ്നിജ്വാല പോലെ ആളിക്കത്തിക്കും, "അവൻ കാറ്റുകളെ തന്റെ ദൂതന്മാരും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു" എന്നു നാം വായിക്കുന്നു. (എബ്രാ. 1:7) 'അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാർ ആക്കുന്നു' എന്ന ഈ വചനത്തെ ഒന്നു തിരിച്ചിട്ടാൽ അത് 'തന്റെ ശുശ്രൂഷകന്മാരെ അവിടുന്ന് അഗ്നിജ്വാലയാക്കുന്നു' എന്നാണ്. ഇതിനെ ഒരു വാഗ്ദാനവചനമായി നമുക്ക് എടുക്കാം. ഇന്നു നമ്മിൽ നേരിയ വെളിച്ചമേയുള്ളോ? നിരാശപ്പെടേണ്ട. വിശ്വസിക്കുക – നാളെ നമ്മെ അവിടുന്നു പരസ്യമായി പ്രശോഭിക്കുന്ന ഒരു അഗ്നി ജ്വാലയാക്കി മാറ്റും. നമ്മിൽ ഒരു നല്ല പ്രവൃത്തി ആരംഭിച്ചെങ്കിൽ അവിടുന്ന് അതു പൂർത്തിയാക്കും. (ഫിലിപ്യ 1:4). അല്പകാര്യങ്ങളുടെ ദിവസത്തെ തുച്ഛീകരിക്കാത്തവനാണല്ലോ നമ്മുടെ കർത്താവ് (സെഖ. 4:10)



# പ്രകോപനവും ദീർഘക്ഷമയും

ഒരിക്കൽ മോശയുടെ സഹോദരിയായ മിറിയാം അദ്ദേഹത്തെ വിമർശിച്ചപ്പോൾ മോശ ഉത്തരമൊന്നും പറയാതെ മൗനമായിരുന്നു. മോശയുടെ ഈ പ്രതികരണത്തപ്പറ്റിയുള്ള പരിശുദ്ധാത്മാവിന്റെ അംഗീകാരം അവിടെ ആത്മാവ് രേഖപ്പെടുത്തിയിട്ടുള്ള ഈ വാക്യത്തിൽ നാം കാണുന്നു; "മോശ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു" (സംഖ്യാ. 12:3). മറ്റൊരു സന്ദർഭത്തിൽ കോരഹ് മോശക്കെതിരായി ചിലരെ മത്സരത്തിനായി ഒരുമിച്ചുകൂട്ടുകയും അദ്ദേഹത്തിന്റെ അധികാരത്തെ ചോദ്യം ചെയ്കയും ചെയ്തു. അപ്പോഴും മോശ പ്രകോപിതനാകാതെ കവിണ്ണുവീഴുകയും മൗനമവലംബിക്കുകയുമാണു ചെയ്തത് (സംഖ്യ. 16:4 ).

ദീർഘക്ഷമയാണ് ഒരു ദൈവഭൃത്യന്റെയും ( 2 തിമോ. 2:24) ഒരു അപ്പൊസ്തലന്റെയും (2 കൊരി. 12:12) പ്രാഥമിക ലക്ഷണം. നാം വളരെക്കാലം ദീർഘക്ഷമ കാട്ടുകയും വീണ്ടും വീണ്ടും കവിണ്ണുവീഴുകയും ചെയ്തേക്കാം. നമ്മുടെ ജീവിതാന്ത്യംവരെയും ന്യായമായി വിധിക്കുന്നവന്റെ പക്കൽ നാം കാര്യം ഭരമേൽപിച്ചുകൊണ്ടു ദീർഘക്ഷമയിൽ തുടരുമോ? അതോ കുറേ വർഷങ്ങൾ ക്ഷമിച്ചശേഷം നാം നമ്മെത്തന്നെ നീതീകരിക്കുവാനും സ്വയം പ്രതിരോധിക്കുവാനും ആരംഭിക്കുമോ? (1 പത്രോ. 2:23) നമ്മുടെ കഴിവിനപ്പുറമായി ആരും ഒരിക്കലും നമ്മെ പ്രലോഭിപ്പിക്കുവാൻ ദൈവം അനുവദിക്കുകയില്ല ( കൊരി. 10:13). എങ്കിലും നമ്മുടെ കഴിവിന്റെ പരിധി വരെയും പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കും. എന്നാൽ നമുക്കുതന്നെയും, നമ്മുടെ അവകാശങ്ങൾ, പ്രശസ്തി എന്നിവയ്ക്കും മരിച്ചവരായിത്തീരുവാൻ നാം സന്നദ്ധരെങ്കിൽ ക്ഷമ കാട്ടുവാനുള്ള കൃപ അവിടുന്നു നമുക്കു നൽകും.

നാം അപമാനിക്കപ്പെടുകയും മറ്റുള്ളവർ നമ്മോടു മോശമായിപ്പെരുമാറുകയും ചെയ്യുമ്പോൾ–ഇന്നലെയും, ഇന്നും, നാളെയും, അടുത്തയാഴ്ചയിലും, അടുത്ത മാസത്തിലും, വർഷത്തിലും എന്നല്ല, ജീവിതാന്ത്യം വരെയും – കവിണ്ണുവീഴുന്നവരായിത്തീരുവാൻ നമുക്ക് സാധിക്കുമോ?

മെരീബയിൽ വച്ചു കവിണ്ണു വീഴുവാൻ സാധിച്ചിരുന്നെങ്കിൽ മോശ വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുമായിരുന്നു. തന്റെ ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ ഒരൊറ്റപ്രാവശ്യം കരുതലില്ലാത്തവനായിത്തീരുക നിമിത്തം അദ്ദേഹത്തിനു വമ്പിച്ച നഷ്ടമാണുണ്ടായത്. ഇതേ അനുഭവമുണ്ടായ മറ്റനേകം ദൈവഭൃത്യന്മാരുണ്ട്. ദീർഘവർഷങ്ങൾ അവർ വിശ്വസ്തരായി ജീവിച്ചുവെങ്കിലും ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ അശ്രദ്ധമൂലം അവർ തെറ്റിലകപ്പെട്ടുപോയി. അങ്ങനെ തങ്ങളുടെ ജീവിതത്തെപ്പറ്റിയുള്ള ദൈവികപദ്ധതി അവർക്കു നഷ്ടമായി. മുമ്പൊരു സന്ദർഭത്തിൽ മോശയ്ക്കു നൽകിയ അതേ ശിക്ഷ – കനാനിൽ പ്രവേശിക്കുവാൻ സാധിക്കാതെ പോവുക എന്ന ശിക്ഷ തന്നെ ദൈവം യിസ്രായേൽമക്കൾക്കും നൽകിയതായി നാം വായിക്കുന്നു. എന്നാൽ അവർ പത്തുപ്രാവശ്യം ദൈവത്തിനെതിരെ മത്സരിച്ചതിനുശേഷമാണ് അതുണ്ടായത് (സംഖ്യ 14:22). യിസ്രായേൽക്കാരെ ശിക്ഷിക്കുന്നതിനു മുമ്പു ദൈവം അവർക്ക് പത്ത് അവസരം നൽകിയെങ്കിൽ, മോശയ്ക്ക് ഒരൊറ്റ അവസരം മാത്രം നൽകിയത് എന്തുകൊണ്ട്? യിസ്രായേൽമക്കളിൽനിന്നും ദൈവം പ്രതീക്ഷിച്ചതിലധികം അവിടുന്നു മോശയിൽ നിന്നു പ്രതീക്ഷിച്ചു എന്നതാണ് അതിനു കാരണം.

യിസ്രായേൽമക്കൾ ദൈവത്തിന്റെ പുറമേയുള്ള പ്രവർത്തനങ്ങൾ മാത്രമേ കണ്ടിരുന്നുള്ളു. മോശയാകട്ടെ, അഭിമുഖമായി ദൈവത്തോടു സംസാരിച്ചതിന്റെ ഫലമായി ദൈവത്തിന്റെ വഴികൾ മനസ്സിലാക്കിയിരുന്നു (സങ്കീ. 106:6). നാം ദൈവത്തിന്റെ പ്രതിനിധികളായി അവിടുത്തെ വചനം സംസാരിക്കുന്നുവെങ്കിൽ ദൈവം മറ്റുള്ളവരിൽനിന്നു പ്രതീക്ഷിക്കുന്നതിൽ അധികം നമ്മിൽ നിന്നു പ്രതീക്ഷിക്കും.

ദൈവഭൃത്യന്മാർ പ്രകോപിതരാകുന്ന സന്ദർഭങ്ങളിൽ പോലും കരുതലില്ലാതെ സംസാരിക്കുവാൻ പാടില്ല. തങ്ങളുടെ സംസാരത്തിൽനിന്ന് അധമമായവയെ വർജ്ജിക്കുവാൻ പഠിക്കുമ്പോൾ മാത്രമേ ദൈവത്തിന്റെ വക്താക്കളാകുവാൻ അവർക്കു സാധ്യമാവുകയുള്ളു (യിരെ.15:19).

നിങ്ങളുടെ ദേശത്ത് ലൈഫ്ട്രാക്ക് ഗോസ്പൽ ടീമിന്റെ സുവിശേഷീകരണപ്രവർത്തനം (ഭവനസന്ദർശനം, പരസ്യയോഗം) ആവശ്യമെങ്കിൽ വിളിക്കുക : ടൈറ്റസ് കാർത്തികപ്പള്ളി ✆: 9847232598



# കവോദും ഷെക്കീനയും



## ദേവാലയ പൗരോഹിത്യ പ്രമാണിമാർക്കുള്ള മറുപടി

**ദൈ**വത്തിന്റെ സാന്നിദ്ധ്യത്തെ കുറിക്കാൻ പഴയനിയമത്തിൽ ഉപയോഗിച്ചിരിക്കുന്ന രണ്ടു പദങ്ങളാണ് 'കവോദ്', 'ഷെക്കിന' എന്നിവ. ഈജിപ്തിൽനിന്ന് പുറപ്പെട്ട ഇസ്രായേൽ ജനത്തിന്റെകൂടെ വസിക്കാനായി ആഗ്രഹിക്കുന്ന ദൈവത്തിന്റെ ചിത്രം (പുറ.25:8;29:46) വിശ്വാസിയുടെ ഏറ്റവും വലിയ ആത്മീയ ഗൃഹാതുരത്വമാണ്. ഇത് സൂചിപ്പിക്കാനായി ഉപയോഗിച്ചിരിക്കുന്ന 'ഷെക്കിന' എന്ന പദം ക്രിയാരൂപത്തിൽ വസിക്കുക' എന്നും, നാമരൂപത്തിൽ 'സാന്നിധ്യം' എന്നും അർത്ഥമാക്കുന്നു. 'ഷെക്കിന' എന്നാൽ അദൃശ്യനായ ദൈവത്തിന്റെ ദൃശ്യമായ ആവിഷ്കരണം ആണ്. അതിനാൽതന്നെ അത് സ്ഥലകാല പരിമിതമാണ് (പുറ. 33:7).

'കർത്താവിന്റെ മഹത്വം' എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്ന കവോദ് (പുറ 29:43) ആകട്ടെ സ്ഥലകാല പരിമിതികളെ അതിശയിപ്പിക്കുന്ന 'ഭയഭക്തിജനകമായ രഹസ്യമാണ്'. മോശ താല്ക്കാലികമായി നിർമ്മിച്ച സമാഗമകൂടാരത്തിനും (പുറ. 40:34) ശലോമോൻ പണികഴിപ്പിച്ച പ്രതാപഭരിതമായ യെരുശലേം ദേവാലയത്തിനും (2 ദിന 7:2) ദൈവസാന്നിധ്യത്തിന്റെ പ്രാധാന്യം കൈവരുന്നത് തന്റെ മഹത്ത്വം -കവോദ്- കൊണ്ട് അത് നിറയാൻ ദൈവം കരുണയായി എന്നതിലാണ്. ദൈവത്തിന്റെ മഹത്ത്വം വസിക്കുന്നില്ലെങ്കിൽ ദേവാലയം നിർജ്ജീവമായ ഒരു വാസ്തു നിർമ്മിതിയായി തരംതാഴും (2 ദിന. 7:2; യെഹ. 43:2-4). സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവം മനുഷ്യ നിർമ്മിതമായ ആലയത്തിൽ പാർക്കുമോ എന്ന ആശങ്ക ദേവാലയം പണിത ശലോമോന്റെ പ്രാർത്ഥനയിൽ സ്പഷ്ടമാണ് (1 രാജ. 8: 27, 29).



പുതിയനിയമത്തിൽ ക്രിസ്തു കവോദും (എബ്രാ. 1:3), ഷെക്കിനയും ആണ് (യോഹ. 1:14). ദേവാലയത്തിന്റെ സ്ഥലകാല പരിമിതിയിലും അഗ്നി, മേഘം, തേജസ് എന്നിങ്ങനെയുള്ള പ്രകൃതി പ്രതിഭാസങ്ങളിലും മാത്രം ദൈവത്തിന്റെ സാമീപ്യം അനുഭവിച്ചിരുന്ന ഒരു ജനതയ്ക്ക് പച്ചയായ മനുഷ്യന്റെ രൂപവും ഗന്ധവും ഉള്ള ദൈവത്തിന്റെ മഹത്വം "കവോദ്" ഗോചരവും അനുഭവവേദ്യവും ആക്കി ക്രിസ്തുവിന്റെ മനുഷ്യാവതാരം. ക്രിസ്തുവിനെ ദൈവത്തിന്റെ മഹത്വം വ്യാപിക്കുന്ന ദേവാലയമായി ലൂക്കോസ് അവതരിപ്പിക്കുന്നത് ശ്രദ്ധേയമാണ്. യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട വിവരങ്ങൾ നല്കുന്ന ആദ്യ രണ്ടദ്ധ്യായങ്ങളുടെ പശ്ചാത്തലത്തിൽ ജറുസലേം ദേവാലയം നിറഞ്ഞുനില്ക്കുന്നതുപോലെ തന്നെ സുവിശേഷം അവസാനിക്കുന്നതും ജറുസലേം ദേവാലയത്തിന്റെയും നഗരത്തിന്റെയും പരാമർശത്തോടെയാണ്. ക്രിസ്തുവിന്റെ സ്വത്വം ലൂക്കോസ് നിർവചിക്കുന്നത് കവോദിന് തുല്യമായിട്ടാണ് (ലൂക്കോ. 2:14; 19:38). രൂപാന്തരീകരണവും (ലൂക്കോ 21:27) ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനവും (ലൂക്കോ 9 :29-31) ക്രിസ്തുവിൽ കവോദ് പൂർണമായും അനന്യമായും വെളിപ്പെടുന്നു എന്നതിന്റെ നിദർശനമാണ്.

ദൈവത്തിന്റെ മഹത്വവുമായി പൂർണ്ണമായി താദാത്മ്യപ്പെട്ടിരിക്കുന്നതിനാൽ (യോഹ.17:4,22) കാവോദിനുണ്ടാകുന്ന ക്ഷയം ക്രിസ്തുവിനെ അലോസരപ്പെടുത്തുന്നു (യോഹ.2:17). ദേവാലയം തന്നെ വിഗ്രഹമാകുന്ന സാഹചര്യം (യോഹ.2:16) ക്രിസ്തു മുന്നിൽ കാണുന്നു. പൗരോഹിത്യ ജീർണ്ണതയിൽ ജനങ്ങളും പുരോഹിതരും തമ്മിലുള്ള വിടവ് വർദ്ധിക്കുന്നത് നിരീക്ഷിക്കുന്ന യേശു ദേവാലയം ദൈവത്താൽ 'പരിത്യക്തമായിരിക്കുന്നു' (ലൂക്കോ.13:35) എന്ന് വിലപിക്കുന്നുണ്ട്. ദേവാലയവും അതിനോട് ബന്ധപ്പെട്ട പദവികളും ചൂഷണത്തിനുള്ള വേദികളായി മാറുമ്പോൾ ദൈവമഹത്വം അന്യമായ ഒരു കെട്ടിടമായി ദൈവാലയം അധഃപതിക്കും. ദേവാലയ ശുദ്ധീകരണം യേശുവിന്റെ ജറുസലേം പ്രവേശനത്തിന്റെ പ്രധാന ഉദ്ദേശ്യമാകുന്നത് അപ്പോഴാണ് (ലൂക്കോ.19:46).

ക്രിസ്തുവിനുശേഷം പെന്തക്കുസ്തുനാളിൽ ഉദ്ഘാടനം ചെയ്യപ്പെടുന്ന ദൈവാലയം (സഭ) കാലദേശങ്ങളെ അതിജീവിക്കുന്നതും ദൈവിക പ്രത്യക്ഷീകരണത്തിന്റെ (തെയോഫനി) നവഭാവങ്ങൾ പ്രകടിപ്പിക്കുന്നതും ആത്മാവിന്റെ നിറവുള്ളതുമാണ്. ശ്ലീഹന്മാരുടെമേൽ ഇറങ്ങിവരുന്ന അഗ്നിനാവുകൾ കവോദിന്റെ പുതിയ രൂപമാണ്. വെളിപാട് പുസ്തകത്തിന്റെ അന്ത്യത്തിൽ പരാമർശിക്കപ്പെടുന്ന പുതിയ നഗരവും, പുതിയ ദേവാലയവും ദേവാലയത്തിന്റെ നവീകരിക്കപ്പെട്ട വീക്ഷണമാണ് അവതരിപ്പിക്കുന്നത്. ദേവാലയം ഇല്ലാത്ത നഗരത്തെയാണ് വെളിപാട് പുസ്തകം അവതരിപ്പിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. സർവ്വശക്തനും, ദൈവവുമായ കർത്താവും കുഞ്ഞാടുമാണ് അതിലെ ദേവാലയം (വെളി 21:22). സ്ഥലകാലങ്ങളെ അതിജീവിക്കുന്ന ആരാധനാ അനുഭവം നേടുവാനും വിശ്വം മുഴുവൻ നിറഞ്ഞുനില്ക്കുന്ന ദൈവത്തിന്റെ മഹത്വത്തെ മുഖാമുഖം ദർശിക്കാനുമുള്ള ക്ഷണമാണ് ദേവാലയത്തെക്കുറിച്ചുള്ള ഈ പുതിയ കാഴ്ചപ്പാട് നൽകുന്നത്.

ദേവാലയത്തെകുറിച്ചും കവോദിനെക്കുറിച്ചുമുള്ള സങ്കല്പങ്ങൾ ക്രിസ്തുവും, അപ്പൊസ്തോലന്മാരും പുനർനിർവചിക്കുന്നുണ്ട്. 'ആത്മാവിലും സത്യത്തിലുമാണ്' യഥാർത്ഥ ആരാധന നടക്കേണ്ടത് (യോഹ 4:23) എന്ന് ഓർമ്മിപ്പിക്കുന്ന ക്രിസ്തു, ദേവാലയമെന്ന ഭൗതിക ഘടനയുടെ പരിമിതികളിൽ ആത്മീയതയെ തളച്ചിടരുത് എന്ന് വ്യക്തമാക്കുന്നു. പുതിയനിയമത്തിൽ ക്രിസ്തുതന്നെയാണ് ദേവാലയം, അത് ദേവാല യത്തെക്കാൾ മഹത്തരവുമാണ് (മത്താ 12:6). 'മനുഷ്യനിർമ്മിതമായ ആലയങ്ങളിൽ ദൈവം വസിക്കുന്നില്ല' എന്ന് സ്തേഫാനോസും, പൗലോസും സധൈര്യം പ്രസംഗിക്കുമ്പോൾ ക്രൈസ്തവർ ദൈവത്തെ ദേവാലയത്തിൽ മാത്രം സന്നിഹിതമാകുന്ന ഒരു യാഥാർഥ്യമായി കരുതണ്ട എന്ന് അർത്ഥശങ്കക്കിട നല്കാതെ സ്ഥാപിക്കുകയാണ്.

ദൈവത്തിന്റെ സാന്നിധ്യം കേവലം ദേവാലയത്തിലല്ല. 'അവന്റെ നാമത്തിൽ ഒന്നിച്ചു കൂടുന്ന കൂട്ടായ്മയിലാണെന്ന് വചനം വ്യക്തമാക്കുന്നു(മത്താ.18: 20). വിശ്വസിച്ച് അനുതപിച്ച്, മാനസാന്തരപ്പെട്ട് വീണ്ടുംജനനം പ്രാപിച്ചു ദൈവകല്പനകൾ അനുസരിച്ച ഓരോ വ്യക്തിയും (1 കൊരി 3:16-17), സഭയും ആത്മാവിന്റെ ആലയങ്ങളുമാണ് (2 കൊരി 6:16; എഫേ 2:21).

അങ്ങനെ നോക്കുമ്പോൾ ദൈവത്തിന്റെ മഹത്വം ഇന്ന് യഥാർത്ഥത്തിൽ കുടികൊള്ളുന്നത്, യേശുവിനെ അനുഗമിക്കുന്ന വിശ്വാസികളുടെ കൂട്ടായ്മയിലാണ്. തന്റെ നിത്യമായ വാസസ്ഥലമാക്കാൻ സീയോനെ തിരഞ്ഞെടുത്ത (സങ്കീ. 132: 13-14) കർത്താവിന്റെ സാന്നിധ്യം തങ്ങളോടൊപ്പം എന്നേക്കും ഉണ്ടാവും എന്നത് ഇസ്രായേലിന്റെ പ്രതീക്ഷയും വിശ്വാസവും ആയിരുന്നു (ആവ.31:8; സെഫ. 3:17). ദൈവത്തിന്റെ സാന്നിധ്യത്തെ അത്രമാത്രം ലളിതവൽക്കരിച്ച ഇസ്രായേൽ ജനത്തോടു പക്ഷെ യിരെമ്യ പ്രവാചകൻ വഴി ദൈവം അരുളിച്ചെയ്യുന്നു: "യഹോവയുടെ ആലയം, യഹോവയുടെ ആലയം, യഹോവയുടെ ആലയം" എന്ന പൊള്ളവാക്കിൽ ആശ്രയിക്കരുത്. അതു നിങ്ങൾക്കു "മോഷ്ടാക്കളുടെ ഗുഹയോ? ഷീലോയെ പരിത്യക്തമാക്കിയ പോലെ ഞാൻ ജറുസലേമിനോടും ചെയ്യും" (യിരെ.7:4, 10-11, 14).

ദേവാലയവും വിശുദ്ധ നഗരവും ഉപേക്ഷിക്കാൻ തീരുമാനിക്കുന്ന ദൈവത്തെ യെഹെസ്കേൽ പ്രവാചകൻ അവതരിപ്പിക്കുന്നത് നടുക്കത്തോടുകൂടി മാത്രമേ നമുക്കു വായിക്കാനാവൂ. ദൈവത്തിന്റെ കല്പനകളുടെ ലംഘനം അവിടുത്തെ ക്രോധം വിളിച്ചുവരുത്തും (യെഹ. 5:6-8). ഇസ്രായേലിന്റെ പൂജാഗിരികളെ തകർത്ത് (യെഹെ.6:3-7) തന്റെ സാമീപ്യം ദേവാലയത്തിൽ നിന്നും പട്ടണത്തിൽ നിന്നും പിൻവലിച്ച് (യെഹെ. 10:4,18,23) ജനത്തെ പ്രവാസത്തിലേക്കും അടിമത്തത്തിലേക്കും തള്ളിവിടാൻ ദൈവം തീരുമാനിക്കുന്നു. അങ്ങനെ കവോദ് ദൈവത്തിന്റെ മഹത്വം ഇസ്രായേൽ ജനത്തെയും ജറുസലേമിനെയും ഉപേക്ഷിച്ചു പോകുന്നു!

ശരിയായ ആത്മീയത പകർന്നു നല്കാതെ ജനത്തെ തെറ്റിലേക്കു വലിച്ചിഴച്ച ഇസ്രായേലിന്റെ നേതാക്കന്മാർക്കും പുരോഹിതന്മാർക്കും എതിരെ പ്രവചിക്കുന്നു എന്നത് യെഹസ്കേലിന്റെ സവിശേഷതയാണ്. ആരാധനാവിധികളിലെ പോരായ്മകളെക്കുറിച്ചല്ല, ആരാധനയുടെ ശ്രദ്ധാകേന്ദ്രമായ വിഗ്രഹം തന്നെയാണ് പ്രവചനങ്ങളുടെ ഉള്ളടക്കം. പുരോഹിതർ കേവലം അനുഷ്ഠാന നിർവഹണത്തിന്റെ കാർമ്മികൻ മാത്രമല്ല, ജനത്തിന്റെ സുരക്ഷയും സമൃദ്ധിയും സമാധാനവും ഉറപ്പുവരുത്തേണ്ട വ്യക്തികൾ കൂടെയാണ് (യെഹ. 34: 3-4, 8) എന്ന വലിയ വെളിപാട് യെഹസ്കേൽ നല്കുന്നുണ്ട്. ദൈവാലയത്തിന്റെ ഭൗതിക നിർമ്മിതിയിൽ ദൈവത്തിന്റെ പ്രതീകാത്മക സാന്നിധ്യത്തിന് ധർമ്മബദ്ധമായ (functional) ലക്ഷ്യം മാത്രമേ ഉള്ളൂ. അതെസമയം, സ്ഥലകാലാതിശായിയായ ദൈവജനത്തിന്റെ കൂട്ടായ്മ ദൈവത്തിന്റെ ആലയമെന്ന നിലയ്ക്ക് 'വിശുദ്ധ ജനമാകാൻ (1 പത്രോ. 2:5, 9) വിളിക്കപ്പെട്ടവരും കടപ്പെട്ടവരുമാണ്.

### കവോദും സഭയും.

പഴയ നിയമത്തിലേതുപോലുള്ള വിഗ്രഹങ്ങളെ ഇന്നത്തെ ക്രൈസ്തവസമൂഹം ആരാധിക്കുന്നില്ല എന്നിരിക്കിലും, ആന്തരികത നഷ്ടപ്പെട്ട, ആരാധനയുടെ പ്രണേതാക്കൾ ആയി ആരാധന തന്നെ വിഗ്രഹവത്കരിക്കപ്പെടുന്ന പ്രവണതകൾ ഇക്കാലത്തു കണ്ടുതുടങ്ങിയിട്ടുണ്ട്.

ജീർണ്ണതകൾ ഉള്ള സഭയിൽ ദൈവം കുടികൊള്ളുന്നില്ല. പടുത്തുയർത്തുന്ന ദേവാലയങ്ങളിലോ, ബലിയർപ്പണത്തിന്റെ മോടിയിലോ അല്ല ദൈവം പ്രസാദിക്കുന്നത് (യെശ. 1:11-20; മത്താ. 9:13). അങ്ങനെ നിർമ്മിക്കപ്പെടുന്ന ദേവാലയം കല്ലിന്മേൽ കല്ല് ശേഷിക്കാതെ തകർക്കപ്പെടുമല്ലോ (ലൂക്കാ 21:6). ദൈവത്തിന്റെ മഹത്വം സഭയിൽ പുനരുജ്ജീവിപ്പിക്കാനുള്ള ഏക വഴി സദ്ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് യഥാർത്ഥ ക്രിസ്തുശിഷ്യരാവുക എന്നതാണ് (യോഹ 15:8). ദൈവത്തിന്റെ മഹത്വം ഇതരമതസ്ഥർക്ക്, ദർശനീയമാകുന്നതും നമ്മുടെ സദ്പ്രവൃത്തികളുടെ വെളിച്ചം അവരുടെ മുന്നിൽ പ്രകാശിക്കുമ്പോഴാണല്ലോ (മത്താ 5:16). ദൈവത്തെ സ്നേഹിക്കുന്നവർ അവിടുത്തെ കല്പ്പനകൾ പാലിക്കുകയും, ദൈവം, അവരിൽ വാസം ആരംഭിക്കുകയും ചെയ്യും (യോഹ 14:23). ഫലങ്ങൾ പുറപ്പെടുവിക്കണമെങ്കിൽ പിതാവിനാൽ വെട്ടിയൊരുക്കപ്പെടുന്ന വേദനാജനകമായ അനുഭവത്തിലൂടെതന്നെ കടന്നുപോകണം. എന്നാൽ ഇതിന്റെ ഉത്തരവാദിത്തം, വിശ്വാസി സമൂഹത്തിന്റെയും പൗരോഹിത്യത്തിന്റെയും നവീകരണത്തിൽ നിന്ന് തുടങ്ങണം എന്നാണു യെഹസ്ക്കേലും ക്രിസ്തുവും നമ്മെ ഓർമ്മിപ്പിക്കുന്നത്.

വിശ്വാസികളുടെ കൂട്ടായ്മ ദൈവത്തിന്റെ യഥാർത്ഥ വാസസ്ഥാനം ആണ് എന്ന നിലയിൽ കൂട്ടായ്മ എത്രമാത്രം ശക്തവും, പാരസ്പരികത ഉള്ളതും ആകുന്നുവോ അത്രമാത്രം ദൈവത്തിന്റെ മഹത്വം (കവോദ്) സഭയിൽ ദൃശ്യമാകും. മാത്സര്യത്തിന്റെ ഭാഷ സംസാരിക്കുന്നതും അസൂയവിദ്വേഷാദികൾ സ്വഭാവത്തിന്റെ ഭാഗമാക്കുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ കാവോദ് ഉണ്ടെന്നു പറയുന്നതുതന്നെ വിരോധാഭാസം ആയിരിക്കും. എല്ലാവരും 'ഒന്നുചേർന്ന് ദൈവവുമായി രമ്യതപ്പെടുന്ന നീതിയുടെ പ്രവൃത്തികൾ ചെയ്യുമ്പോഴാണല്ലോ നമ്മുടെ ആരാധനയിൽ ദൈവം പ്രീതിപ്പെടുന്നതും, സഭയാകുന്ന ആലയം ദൈവമഹത്ത്വത്താൽ (കവോദ്) നിറയുന്നതും.

**അദൃശ്യനായ ദൈവത്തേയും അദൃശ്യമായ സ്വർഗ്ഗത്തേയും ദൃശ്യവത്ക്കരിച്ച് ഹൃദയത്തിൽ പ്രതിഷ്ഠിക്കുന്നതാകണം നമ്മുടെ വിശ്വാസം**



# മുൻപന്തിയിൽ മുൻകോപം



**പ**രസ്പരം മല്ലടിച്ചിരുന്ന മംഗളിയൻ ഗോത്രങ്ങളെ ഒന്നിപ്പിച്ച് പൂർവ യൂറോപ്പ് മുതൽ വടക്കൻ ചൈനവരെ തന്റെ സാമ്രാജ്യം വികസിപ്പിച്ച യുദ്ധവീരനായിരുന്നു ജംഗിഷ്ഖാൻ. മഹാനായ അലക്സാണ്ടർ ചക്രവർത്തിക്കുശേഷം ലോകം കണ്ടിട്ടുള്ള ഏറ്റവും വലിയ യുദ്ധവീരനായിട്ടാണു പല ചരിത്രകാരന്മാരും ജംഗിഷ്ഖാനെ ഇന്നും വിലയിരുത്തുന്നത്.

യുദ്ധവീരനായ ജംഗിഷ്ഖാൻ നല്ലൊരു വേട്ടക്കാരനായിരുന്നത്രേ. ഒരിക്കൽ അദ്ദേഹം തന്റെ സേവകരുമൊത്തു വേട്ടയ്ക്കുപോയി. പതിവുപോലെതന്നെ വേട്ടയ്ക്കു സഹായിച്ചിരുന്ന ഒരു വേട്ടപ്പക്ഷിയേയും അദ്ദേഹം അന്നു കൂടെക്കൊണ്ടുപോയി. ജംഗിഷ്ഖാൻ പ്രത്യേകം താലോലിച്ചു വളർത്തിയിരുന്ന ഒരു പരുന്തായിരുന്നു ആ വേട്ടപ്പക്ഷി.



അന്നത്തെ വേട്ട പ്രതീക്ഷിച്ചത്ര വിജയകരമായിരുന്നില്ല. അതുകൊണ്ട് സേവകരെയെല്ലാം വേറെ വഴിയെ വിട്ടിട്ട് ജംഗിഷ്ഖാൻ തനിയേ വനത്തിലൂടെ നടക്കാൻ തുടങ്ങി. ഇതിനിടയിൽ അദ്ദേഹത്തിന്റെ വേട്ടപ്പക്ഷി എവിടേക്കോ പറന്നുപോവുകയും ചെയ്തിരുന്നു. ഇണങ്ങിയ പക്ഷിയായിരുന്നതുകൊണ്ട് അതു തിരികെ തന്റെ കൊട്ടാരത്തിലെത്തുമെന്നു ജംഗിഷ്ഖാനു നിശ്ചയമായിരുന്നു.

വനത്തിലൂടെ നടന്ന് ജംഗിഷ്ഖാൻ മടുത്തു. സൂര്യന്റെ ചൂടുമൂലം അദ്ദേഹത്തിനു വല്ലാത്ത ദാഹം തോന്നി. പക്ഷേ, ബാഗിൽ കുടിക്കുവാനൊന്നുമുണ്ടായിരുന്നില്ല. തന്മൂലം, അടുത്തെവിടെയെങ്കിലും അരുവികളുണ്ടോ എന്ന് അദ്ദേഹം തിരക്കി. വേനൽക്കാലമായിരുന്നതുകൊണ്ട് അരുവികളെല്ലാം വരണ്ടുകിടക്കുകയായിരുന്നു.

ദാഹിച്ചവശനായി ജംഗിഷ്ഖാൻ അങ്ങനെ നടക്കുമ്പോൾ ഒരു വലിയ പാറക്കെട്ടിൽനിന്ന് വെള്ളം ഇറ്റിറ്റു വീഴുന്നതു കണ്ടു. അദ്ദേഹം ഉടനെ ബാഗിൽ നിന്നു കപ്പ് എടുത്ത് അതിൽ വെള്ളം സംഭരിക്കാൻ തുടങ്ങി. നിറയാറായപ്പോഴേക്കും വെള്ളം കുടിക്കാനായി കപ്പ് അദ്ദേഹം ചുണ്ടിലേക്കടുപ്പിച്ചു. എന്നാൽ, നിമിഷനേരത്തിനുള്ളിൽ അദ്ദേഹത്തിന്റെ പരുന്ത് എവിടെനിന്നോ പറന്നെത്തി ആ കപ്പ് തെറിപ്പിച്ചുകളഞ്ഞു.

ദാഹിച്ചുവലഞ്ഞിരുന്ന ജംഗിഷ്ഖാന് അപ്പോൾ തന്റെ വളർത്തുപക്ഷിയുടെ നേരെ വല്ലാത്ത ദേഷ്യം തോന്നി. എങ്കിലും താഴെവീണുകിടന്ന കപ്പ് വീണ്ടും എടുത്ത് അദ്ദേഹം സാവധാനം വെള്ളം സംഭരിക്കാൻ തുടങ്ങി. പക്ഷേ, ആ കപ്പിലെ വെള്ളവും ചുണ്ടോടടുപ്പിച്ചപ്പോൾ പരുന്തു പറന്നെത്തി വെള്ളം തെറിപ്പിച്ചുകളഞ്ഞു.

ഇത്തവണ കലികയറിയ ജംഗിഷ്ഖാൻ പറഞ്ഞു: "എന്താണ് ഇത്ര ധിക്കാരം? ഇനിയും നീ ഇതാവർത്തിച്ചാൽ നിന്നെ ഞാൻ കൊന്നുകളയും".

ജംഗിഷ്ഖാൻ വീണ്ടും കപ്പിൽ വെള്ളം ശേഖരിക്കാൻ തുടങ്ങി. ഇത്തവണ കപ്പ് ചുണ്ടിലേക്കടുപ്പിക്കുന്നതിന് മുമ്പ് അദ്ദേഹം വാളൂരി തയാറായിരുന്നു. വാളൂരിയതു കണ്ടിട്ടും പരുന്തു ഭയപ്പെട്ടില്ല. വെള്ളം കുടിക്കാൻ ശ്രമിച്ച നിമിഷം വീണ്ടും പരുന്ത് പറന്നെത്തി കപ്പ് തെറിപ്പിച്ചുകളഞ്ഞു. പക്ഷേ, അതിനിടയിൽ ജംഗിഷ്ഖാന്റെ വാൾ പക്ഷിയുടെ കഴുത്തിൽ ആഞ്ഞുപതിച്ചു.

"ധിക്കാരത്തിനു കിട്ടുന്ന സമ്മാനമാണിത്" ജംഗിഷ്ഖാൻ മുറുമുറുത്തു. വീണ്ടും വെള്ളം ശേഖരിക്കാൻ വേണ്ടി അദ്ദേഹം കപ്പു തെരഞ്ഞു. പക്ഷേ, വീണ്ടെടുക്കാൻ പറ്റാത്ത ആഴത്തിലേക്കായിരുന്നു അതു വീണത്.

കപ്പില്ലെങ്കിൽ വേണ്ട; പാറക്കെട്ടിന്റെ മുകളിൽക്കയറി അവിടെനിന്നു നേരിട്ടുവെള്ളം കുടിച്ചുകളയാം എന്ന് അദ്ദേഹം തീരുമാനിച്ചു. വളരെ കഷ്ടപ്പെട്ടിട്ടാണെങ്കിലും അദ്ദേഹം പാറക്കെട്ടിന്റെ മുകളിലെത്തി. അപ്പോൾ കണ്ട കാഴ്ച അദ്ദേഹത്തെ ഞെട്ടിച്ചു.

പാറക്കെട്ടിനു മുകളിലുണ്ടായിരുന്ന വെള്ളത്തിൽ ഒരു വിഷപ്പാമ്പ് ചത്തുകിടന്നിരുന്നു. ആ വിഷജലത്തിൽ നിന്നായിരുന്നു വെള്ളം ഇറ്റിറ്റു താഴേക്കു വീണുകൊണ്ടിരുന്നത്.

ബുദ്ധിശാലിയായ പരുന്ത് തന്റെ ജീവൻ രക്ഷിക്കാൻവേണ്ടിയായിരുന്നല്ലോ കപ്പിലെ ജലം തട്ടിത്തെറിപ്പിച്ചതെന്നോർത്തപ്പോൾ ജംഗിഷ്ഖാന്റെ കണ്ണുകൾ നിറഞ്ഞു. പരുന്ത് ചെയ്തത് എന്താണെന്ന് മനസിലാക്കാൻ ശ്രമിക്കാതെ തന്റെ മുൻകോപത്തിനു വഴങ്ങി സ്നേഹമുള്ള ആ പക്ഷിയെ വധിച്ചതിൽ ജംഗിഷ്ഖാൻ ഏറെ കരഞ്ഞു. ഇനിയൊരിക്കലും മുൻകോപത്തിനടിപ്പെട്ട് ഒന്നും ചെയ്യില്ല എന്ന് ഉഗ്രശപഥം ചെയ്തതിനുശേഷമായിരുന്നത്രേ ജംഗിഷ്ഖാൻ അന്നു കൊട്ടാരത്തിലേക്ക് മടങ്ങിയത്.

കോപവും മുൻകോപവുമൊക്കെ ഇല്ലാത്തവർ അപൂർവമായിരിക്കാം. എന്നാൽ, അതുകൊണ്ടു മുൻകോപത്തോടെ വായിൽ വരുന്നതു പറയുകയും മനസിൽ തോന്നുന്നതു ചെയ്യുകയും ചെയ്യാൻ നമുക്കവകാശമുണ്ടെന്ന് കരുതേണ്ട. എന്നു മാത്രമല്ല, നിയന്ത്രിക്കുകയും മാറ്റിയെടുക്കാൻ നിരന്തരം പരിശ്രമിക്കുകയും ചെയ്യേണ്ട ദുർഗുണങ്ങളുടെ മുൻപന്തിയിൽ നാം മുൻകോപത്തെ നിർത്തിയേ മതിയാകൂ.

# സുറിയാനി സായുധസേന



**കേ**രളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് ഉണ്ടായിരുന്നു ഒരു സായുധസേന. മധ്യകാലഘട്ടത്തിലെ രേഖകൾ പ്രകാരം എല്ലാ നസ്രാണി പുരുഷന്മാരും ആയോധനകലയിൽ പ്രാവീണ്യം നേടിയവരായിരുന്നു. അവരുടെ എല്ലാ കുടിയിരുപ്പുകളിലും സ്വന്തമായ ഓരോ സൈന്യവും ഉണ്ടായിരുന്നു. നൂറ്റാണ്ടുകളുടെ ചരിത്രത്തിൽ ഒരിക്കലും രാഷ്ട്രീയ-ഭരണരംഗത്ത് പ്രവേശിക്കാത്ത നസ്രാണികൾ തങ്ങളുടെ വ്യാപാരത്തിന്റെയും ചരക്കുനീക്കത്തിന്റെയും, അങ്ങാടികളുടെയും സംരക്ഷണത്തിനായാണ് ആയോധനകലയിൽ പ്രാവീണ്യം നേടിയത്. നസ്രാണികളെക്കൂടാതെ ചില പ്രത്യേക ജാതികളിൽപ്പെട്ടവരടങ്ങിയ ഒരു സ്ഥിരം സൈന്യവും അവർക്കുണ്ടായിരുന്നു. നസ്രാണിപ്പടയുടെ ഉത്ഭവം എന്നാണെന്നു വ്യക്തമല്ല. 9-ാം ശതകത്തിലെ തരിസാപ്പള്ളി ചെപ്പേടിൽ തരിസാപ്പള്ളിയുടെയും അങ്ങാടിയുടെയും സംരക്ഷണം അറുനൂറ്റവർ എന്ന സായുധസംഘത്തെയാണ് ഏൽപ്പിക്കുന്നത് എന്നതിൽനിന്നും 9-ാം ശതകത്തിനു ശേഷമാണ് നസ്രാണികൾ ആയുധ പരിശീലനത്തിലേക്കു തിരിഞ്ഞതെന്നു വ്യക്തമാകുന്നു. വ്യാപാര ശൃംഖലയുടെ വിപുലീകരണവും മധ്യകാലഘട്ടത്തിൽ കേരളത്തിൽ നിലനിന്ന അരക്ഷിതാവസ്ഥയുമാകാം നസ്രാണികളെ സ്വന്തം സുരക്ഷിതത്വം ഉറപ്പുവരുത്താൻ ഒരു സൈന്യം രൂപീകരിക്കുന്നതിനു പ്രേരിപ്പിച്ചത്. നായർ പടയാളികളെപ്പോലെ ചിട്ടയായ ആയോധന പരിശീലനം നസ്രാണികൾക്കുണ്ടായിരുന്നു. പരമ്പരാഗത



കളരികളിൽ പണിക്കർമാരുടെ കീഴിൽ 8 വയസ്സു മുതൽ 25 വയസ്സുവരെ കഠിനമായ പരിശീലനമാണ് അവർ നടത്തിയിരുന്നത്. നായന്മാരും നസ്രാണികളും ഈ പരിശീലനത്തിൽ പരസ്പരം സഹകരിച്ചിരുന്നു. നായർ പണിക്കർമാരുടെ കീഴിൽ നസ്രാണികളും നസ്രാണി പണിക്കർമാരുടെ കീഴിൽ നായന്മാരും പരിശീലനം നേടുന്നത് സാധാരണമായിരുന്നു. ഉദയംപേരൂർ സുന്നഹദോസിന്റെ കനോനകൾ ഈ വസ്തുത ശരിവയ്ക്കുന്നുണ്ട്. ഇന്നും സുറിയാനി ക്രിസ്ത്യാനികളുടെ വിവാഹാവസരത്തിൽ മതഭേദം കൂടാതെ ആശാനെ നമസ്കരിച്ച് ദക്ഷിണ നല്കുന്നത് ഈ പാരമ്പര്യത്തിന്റെ ബാക്കിപത്രമാണ്. ഇവർ നായർ പടയാളികളെപ്പോലെ നെറ്റിയിൽ കുറിധരിക്കുകയോ ദേഹത്ത് ഭസ്മം പൂശുകയോ ചെയ്തിരുന്നില്ല. എന്നാൽ തലയിലെ കുടുമയ്ക്കുള്ളിൽ ഒരു കുരിശു ധരിക്കുകയും നെറ്റിയിൽ ഒരു കുരിശു വരച്ചുവയ്ക്കുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. വാളും പരിചയും, വേൽ അഥവാ കുന്തം, തോക്ക് ഇവയിൽ ഏതെങ്കിലും ഒരു ആയുധം കൂടാതെ നസ്രാണികൾ സ്വന്തം വീട്ടിൽനിന്നു പുറത്തിറങ്ങില്ലായിരുന്നു. എങ്കിലും പള്ളിക്കുള്ളിൽ ആയുധങ്ങൾ പ്രവേശിപ്പിച്ചിരുന്നില്ല. വ്യാപാരത്തിന്റെയും ചരക്കുനീക്കത്തിന്റെയും അങ്ങാടികളുടെയും സംരക്ഷണത്തിലുപരി മറ്റു ചില ഉത്തരവാദിത്വങ്ങളും നസ്രാണിപ്പടയ്ക്കുണ്ടായിരുന്നു. തങ്ങൾ താമസിക്കുന്ന നാട്ടുരാജ്യത്തിനു വിദേശഭീഷണി ഉണ്ടാകുമ്പോൾ അതത് രാജാക്കന്മാരെ അവർ സഹായിച്ചു. പലരും നാട്ടുരാജ്യങ്ങളിലെ സ്ഥിരം സേനകളിൽ പിന്നീട് അംഗങ്ങളായി. നസ്രാണികളുടെ ജാതിപരമായ അവകാശങ്ങൾക്ക് ഭീഷണിയുണ്ടാകുമ്പോൾ രാജ്യാതിർത്തികൾക്കുപരിയായി നസ്രണിപ്പട സംഘടിക്കുകയും അവകാശസംരക്ഷണത്തിനായി പോരാടുകയും ചെയ്തിരുന്നു. 16-ാം നൂറ്റാണ്ടിൽ പറവൂർ രാജാവ് നടത്തിയ ഒരു ജാത്യാവകാശ ലംഘനത്തിനെതിരായി നസ്രാണിപ്പട സംഘടിച്ചതായും അവകാശം നിലനിർത്തിയതായും രേഖകളുണ്ട്.

ജാതിക്കു തലവനായ അർക്കദ്യക്കോൻ (പിന്നീട് മലങ്കര മെത്രാൻ) ആയിരുന്നു രാജ്യസീമകൾക്കുപരി നസ്രാണിപ്പടയുടെ തലവൻ. ക്രിസ്തുവർഷം 1523-ൽ ഇപ്രകാരം 25,000 നസ്രാണിപ്പടയാളികൾ ജാതിക്കു തലവന്റെ കീഴിലുണ്ടായിരുന്നു. ചെറുതും വലുതുമായ നാട്ടുരാജ്യങ്ങളെ സംയോജിപ്പിച്ച് തിരുവിതാംകൂർ രൂപീകരിക്കുന്ന പ്രക്രിയയിൽ പുതുതായി പിടിച്ചടക്കിയ രാജ്യങ്ങളിൽ നിന്ന് ആയിരക്കണക്കിനു നസ്രാണിപ്പടയാളികളെ മാർത്താണ്ഡവർമ തിരുവിതാംകൂർ സൈന്യത്തിൽച്ചേർത്തു. പിന്നീടുണ്ടായ മൈസൂർ ആക്രമണകാലത്തും ഇവരുടെ സേവനം തിരുവിതാംകൂറിനു ലഭ്യമായി.

1809-ൽ കലാപത്തെത്തുടർന്ന് വേലുത്തമ്പി തിരുവിതാംകൂറിലെയും കൊച്ചിയിലെയും പട്ടാളത്തെ പിരിച്ചുവിട്ടതോടെ നസ്രാണിപ്പടയും ശിഥിലമായി. പരമ്പരാഗത ആയുധ പരിശീലനകേന്ദ്രങ്ങളായ കളരികളെയും ഈ പ്രക്രിയ ഇല്ലായ്മ ചെയ്തു. അതോടെ നസ്രാണികളുടെ ആയോധന പരിശീലനവും അവസാനിച്ചു. ഇതിനെത്തുടർന്ന് പട്ടാളസേവനത്തെ ആശ്രയിച്ചിരുന്ന നല്ലൊരുസംഖ്യ നസ്രാണികൾ മറ്റു തൊഴിലുകളിലേക്ക് മുഖ്യമായും നെൽകൃഷിയിലേക്ക് തിരിഞ്ഞു.

പാപം, രക്ഷ, മരണാനന്തര ജീവിതം, മതം, മതപരിവർത്തനം തുടങ്ങി വിവിധ വിഷയങ്ങളിൽ തികച്ചും ആധികാരികമായ 30-ൽ പരം ട്രാക്റ്റുകൾ, ആവശ്യക്കാർ മാസികാ വിലാസത്തിൽ ബന്ധപ്പെടുക



# വേദാഭിമാനിയുടെ മറുപടി



**നിങ്ങളുടെ ദൈവം ആര് എന്നതാണ് എന്റെ ചോദ്യം. പിതാവാണോ, പുത്രനാണോ, പരിശുദ്ധാത്മാവാണോ വലിയ ദൈവം? പിതാവ് ദൈവം, പുത്രൻ ദൈവം, പരിശുദ്ധാത്മാവും ദൈവമാണെങ്കിൽ ദൈവം ഏകൻ ആകുന്നതെങ്ങനെ? ഏകനായി മഹാത്ഭുതങ്ങളെ പ്രവർത്തിച്ച സൃഷ്ടാവായ രക്ഷകനായ ദൈവമായ യഹോവയെ (യെശ. 43:10,11, 44:6) ഒഴിവാക്കി പുതിയനിയമത്തിൽ മറ്റൊരു ദൈവത്തെ, രക്ഷകനെ ചൂണ്ടിക്കാണിക്കുമ്പോൾ യഹോവയാണോ യേശുവാണോ ദൈവം? രക്ഷകൻ?**

**– ഫിലിപ്പ് എം. തോമസ് എടക്കുന്നം, പാറത്തോട്, കാഞ്ഞിരപ്പള്ളി**

നമ്മൾ ഒരു ക്രിസ്തീയ കുടുംബത്തിലാണ് ജനിച്ചതെങ്കിൽ ഉപദേശസംബന്ധമായി ചില കേട്ടുകേൾവികൾ കാണും. സത്യത്തിൽ അത് വചനപ്രകാരം പഠിച്ചതോ പരിശോധിച്ചതോ ആയിരിക്കില്ല. അതിനെതിരായി എന്തെങ്കിലും കേൾക്കുമ്പോൾ അത് ദുരുപദേശം എന്നുപറഞ്ഞ് നാം അലമുറയിടുന്നു. വാസ്തവത്തിൽ പ്രസ്ഥാനവത്കരിക്കപ്പെട്ട സഭകൾ തങ്ങളുടെ നിലനിൽപ്പിനുവേണ്ടി എഴുതിതയ്യാറാക്കിയ ഉപദേശസംഹിതകൾ അതേപടി വിഴുങ്ങുകയല്ല വേണ്ടത്. ആദിമനൂറ്റാണ്ടിൽ എങ്ങനെയായിരുന്നുവെന്ന് വചനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വചനം പഠിച്ചും നിശ്ചയം പ്രാപിച്ചും പറയുന്നത് കേൾക്കുന്നത് അങ്ങനെതന്നെയോ എന്ന് പരിശോധിച്ചും പോന്നു. ഇന്നും നമുക്ക് ഇതുതന്നെയാണ് വേണ്ടത്. വചനത്തിൽ പഠനവും നിശ്ചയവും ഉണ്ടായിരിക്കണം. കേൾക്കുന്ന കാര്യങ്ങൾ അങ്ങനെ തന്നെയോ എന്ന്. അതായത് വചനത്തിൽ ഉണ്ടോ എന്ന് പരിശോധിക്കണം. അതിനാണ് ദൈവം നമുക്ക് വേദപുസ്തകം തന്നിരിക്കുന്നത്. വായിക്കാനും, പഠിക്കാനും, ചിന്തിക്കാനും, ധ്യാനിക്കാനും, പ്രായോഗികമാക്കാനും ശ്രമിക്കേണ്ടത് മാനുഷിക ഉപദേശങ്ങളല്ല തിരുവചന സത്യങ്ങളാണ്. മുന്നൂറ്റിയറുപതുവട്ടം വേദപുസ്തകം വായിച്ചതുകൊണ്ടും ദുഃസ്വപ്നം കാണാതിരിക്കാൻ തലയിണയുടെ അടിയിൽ വേദപുസ്തകം വെച്ചതുകൊണ്ടും ഒന്നും ഒരു പ്രയോജനവുമില്ല. ക്രിസ്തീയ സഭകൾ പഠിപ്പിക്കുന്ന ത്രിത്വോപദേശത്തെ അടിസ്ഥാനമാക്കിയാണ് ഈ ചോദ്യങ്ങളെല്ലാം ഉന്നയിച്ചിരിക്കുന്നത്. ഒരു അക്രൈസ്തവനോട് ത്രിത്വോപദേശത്തിൽ വിശ്വസിക്കുന്ന ഒരുവനും ദൈവം ഏകനെന്ന് വിശദീകരിക്കാൻ കഴിയുകയില്ല. എത്രയോ ആളുകൾ ആശയക്കുഴപ്പം ഉണ്ടാക്കുന്ന ഈ ത്രിത്വോപദേശംമൂലം ക്രിസ്തുമാർഗ്ഗം വിട്ടുപോയതായി നമുക്കറിയാം. ക്രിസ്തുമാർഗ്ഗത്തിൽ നിന്ന് മറ്റു മതങ്ങളിലേക്ക് പോയിട്ടുള്ളവരും പ്രധാനമായി എടുത്തുകാണിക്കുന്നത് ഈ ത്രിത്വോപദേശത്തിന്റെ വൈരുദ്ധ്യമാണ്. ത്രിത്വോപദേശത്തിലുള്ള വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാണിക്കുന്ന നൂറുകണക്കിന് വീഡിയോകൾ നിങ്ങൾക്ക് യൂട്യൂബിൽ കാണുവാൻ കഴിയും.

ഏ.ഡി. 325-ൽ ആണ് സഭ ത്രിത്വ വിശ്വാസം ഔദ്യോഗികമായി നിർവചിക്കുകയും അംഗീകരിക്കുകയും ചെയ്തത്. സഭയുടെ ആദിമ നൂറ്റാണ്ടുകളിൽ ഇങ്ങനെയൊരു വിശ്വാസമേ ഉണ്ടായിരുന്നില്ല. ശരിക്കു പറഞ്ഞാൽ 4-ാം നൂറ്റാണ്ടിന്റെ അവസാനത്തോളം മൂന്ന് ആളത്തങ്ങൾ എന്ന സിദ്ധാന്തം നിലവിൽ വന്നിരുന്നില്ല. കാത്തലിക് സർവ്വവിജ്ഞാനകോശം, എൻസൈക്സോപീഡിയ എൻകാർട്ട, എൻസൈക്ലോ പീഡിയ ബ്രിട്ടാനിക്കാ തുടങ്ങിയവ പരിശോധിച്ചാൽ കൂടുതൽ കാര്യങ്ങൾ വ്യക്തമാകും. അരിസ്റ്റോട്ടിലിന്റെ അംഗീകരിക്കപ്പെട്ട ചിന്താനിയമങ്ങൾ അനന്യനിയമം, അനിഷേധ്യനിയമം, സത്യനിയമം വച്ച് കാര്യങ്ങൾ പരിശോധിച്ചാൽ ഈ ഉപദേശത്തിന്റെ പൊള്ളത്തരങ്ങൾ മനസ്സിലാകും. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കൈകടത്തൽ ഈ ഉപദേശത്തിൽ നമുക്ക് കാണുവാൻ കഴിയും. അവരുടെ സൂര്യാരാധനയിൽ ത്രിത്വം ഉണ്ടായിരുന്നു. അത് ദേവപിതാവ്, ദേവമാതാവ്, ശിശു എന്നിങ്ങനെയായിരുന്നു. ഈ ഉപദേശത്തിന്റെ തുടക്കം ഇവിടെ നിന്നുതന്നെയാണ്. ത്രിത്വം എന്ന വാക്കുപോലും ബൈബിളിൽ ഇല്ല. തെയോഫിലസ് "ത്രിയാസിന്" തുടക്കമിട്ടു. തുടർന്ന് തെർത്തുല്ല്യൻ അതിനെ "ത്രിനിത്താസ്" ആക്കി. തുടർന്ന് കേസറിയായിലെ ബാസിൽ നിസ്സായിലെ ഗ്രിഗറി തുടങ്ങിയ കപ്പദോക്യൻ പുരോഹിതന്മാരുടെ നേതൃത്വത്തിലാണ് ത്രിത്വവിശ്വാസം രൂപപ്പെടുത്തിയെടുക്കുന്നത്.

ഇവിടെ ഇനി ഈ വിഷയങ്ങളൊന്നും ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരു അക്രൈസ്തവനോട് ദൈവം ഏകനെന്ന് എങ്ങനെയാണ് പറയേണ്ടത് അത് വിശദീകരിക്കുവാനാണ് ഞാൻ ശ്രമിക്കുന്നത്. ദൈവവചനത്തെ അടിസ്ഥാനമാക്കി മാത്രമാണ് ഞാൻ സംസാരിക്കുന്നത്. പറയുന്ന ഓരോ കാര്യങ്ങൾക്കും വചനത്തിൽ നിന്ന് വ്യക്തമായ തെളിവ് ഞാൻ ഉദ്ധരിക്കുന്നുണ്ട്. അതുകൊണ്ട് ശ്രദ്ധയോടെ വായന തുടരുക.

വേദപുസ്തകത്തിലെ ഏറ്റവും വലിയ കല്പനയെന്താണ്. അത് ആവർത്തനപുസ്തകം 6-ാം അദ്ധ്യായം അതിന്റെ 4-ാം വാക്യത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. യിസ്രായേലെ കേൾക്ക യഹോവ നമ്മുടെ ദൈവമാകുന്നു. യഹോവ ഏകൻതന്നെ. ഇതുതന്നെയാണ് പുതിയനിയമത്തിൽ മർക്കോസ് 12-ന്റെ 29-ലും, യോഹന്നാൻ 17-ന്റെ 3-ലും, റോമർ 3-ന്റെ 30ലും, 1 തിമൊഥെയൊസ് 2-ന്റെ 5-ലും കാണുവാൻ കഴിയുന്നത്. ഏക ദൈവമേ നമുക്കുള്ളൂ എന്ന് 1 കൊരിന്ത്യർ 8-ന്റെ 6ലും രേഖപ്പെടുത്തിയിട്ടുണ്ട്. യോഹന്നാൻ 17-ാം അദ്ധ്യായം 3-ാം വാക്യത്തിൽ ഏകസത്യദൈവത്തെ അറിയുന്നതാണ് നിത്യജീവൻ എന്നു പറഞ്ഞിരിക്കുന്നു. ഈ ഏകനായ ദൈവത്തിന്റെ പേര് എന്താണ്. യഹോവ അതുതന്നെ എന്റെ നാമം എന്ന് യെശയ്യാവ് 42-ന്റെ 8-ൽ ഒരു സംശയത്തിനും ഇടവരാത്തവണ്ണം വേദപുസ്തകം അസന്നിഗ്ധമായി പറയുന്നു. വീണ്ടും യെശയ്യാവ് 44-ന്റെ 6-ൽ യഹോവയല്ലാതെ ഒരു ദൈവം ഇല്ലായെന്ന് പറഞ്ഞിരിക്കുന്നു. യഹോവയായ ദൈവം പറയുന്നു, എനിക്കു മുമ്പേ ഒരു ദൈവം ഉണ്ടായിട്ടില്ല. എന്റെ ശേഷം ഉണ്ടാകുകയുമില്ല. ഞാൻ ഞാൻ തന്നെ യഹോവ. ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല. എത്ര വ്യക്തമായാണ് യെശയ്യാവ് 43-ന്റെ 10,11 വാക്യങ്ങളിൽ നാം അറിയേണ്ട സത്യം രേഖപ്പെടുത്തിയിരിക്കുന്നത്. യെശയ്യാവ് 9-ാം അദ്ധ്യായം 6-ാം വാക്യത്തിൽ പിതാവായ ദൈവം അല്ലെങ്കിൽ യഹോവ തന്നെയാണ് രക്ഷകനായി ഈ ഭൂമിയിൽ അവതരിച്ചിരിക്കുന്നത് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

പുതിയനിയമത്തിലേക്ക് വരുമ്പോൾ പിതാവ് തന്നെയാണ് പുത്രൻ എന്നും, പുത്രനും പിതാവും ഒന്നാകുന്നു എന്നും, പുത്രനെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു എന്നും യോഹന്നാൻ 10-ന്റെ 30-ലും, 14 ന്റെ 9-ലും വ്യക്തമായി പറഞ്ഞിട്ടുണ്ട്. പിതാവിന്റെ നാമംതന്നെയാണ് പുത്രനും എന്ന് യോഹന്നാൻ 17-ാം അദ്ധ്യായം 11-ാം വാക്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്താണ് പുത്രന്റെ നാമം. എബ്രായ അരാമിക് ബൈബിളിന്റെ കയ്യെഴുത്തുപ്രതികൾ നിങ്ങൾ പരിശോധിക്കണം. യെഹേശുവാ എന്നാണ് വേദപുസ്തകം വെളിപ്പെടുത്തുന്ന രക്ഷകന്റെ പേര്. യാഹ്വേ + യശുവാ എന്നീ രണ്ടു വാക്കുകൾ ചേർന്ന നാമമാണത്. അതിന്റെ അർത്ഥം യഹോവ രക്ഷകൻ. മലയാളത്തിൽ യേശു, ഇംഗ്ലീഷിൽ ജീസസ്സ് എന്നല്ലേ എന്ന് നിങ്ങൾക്ക് സംശയമുണ്ടാകാം. എന്നാൽ അവിതർക്കിതമായി ഞാൻ പറയട്ടെ ദൂതൻ മറിയയോട് പറഞ്ഞ രക്ഷകന്റെ പേര് യെഹേശുവാ എന്നുതന്നെയാണ്. ഇക്കാര്യം നിങ്ങൾക്ക് ഗൂഗിളിൽ സെർച്ചു ചെയ്താലും മനസിലാക്കാൻ സാധിക്കും.

ഈ നാമം വേദപുസ്തകം വിവർത്തനം ചെയ്തവർ വികൃതമാക്കി. ഒരു നാമം അല്ലെങ്കിൽ ഒരു പേര് വിവർത്തനം ചെയ്തത് എന്തിനാണെന്ന് ഇതുവരെയും എനിക്ക് മനസിലാക്കാൻ സാധിച്ചിട്ടില്ല. ഗ്രീക്കിൽ അവർ അതിനെ യീസൂസ് ആക്കി. ഇംഗ്ലീഷിൽ ജീസസ്സ് ആക്കി. പൗരസ്ത്യ സുറിയാനിയിൽ ഈശോ എന്നു വിളിച്ചു. യേശു എന്ന് നാം വിളിക്കുന്ന നാമം പാശ്ചാത്യ സുറിയാണ്. ഇത്രയും പറഞ്ഞുവന്നതിൽ നിന്ന് യഹോവ തന്നെയാണ് ദൈവം. ആ ദൈവം തന്നെയാണ് രക്ഷകനായി ഭൂമിയിൽ പിറന്നത് എന്ന് മനസിലായല്ലോ.

ഇനി പരിശുദ്ധത്മാവിലേക്കു വരാം. പരിശുദ്ധത്മാവിന് എബ്രായഭാഷയിൽ "റുവാക്ക് ഹാക്കോ ഡാഷ്" എന്നാണ് പറയുന്നത്. യഹോവയുടെ ശ്വാസം എന്നെ ഇതിനർത്ഥമുള്ളൂ. "യാഹ്വേ റുവാക്ക്" എന്നും പറയാറുണ്ട്. യഹോവയുടെ ആത്മാവ് എന്നേ അതിനർത്ഥമുള്ളൂ. യോഹന്നാൻ 4-ന്റെ 24-ൽ ദൈവം ആത്മാവാകുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. ഉല്പത്തി 1-ന്റെ 2 മുതൽ വെളിപ്പാടുവരെ പരിശോധിച്ചാൽ സ്പിരിറ്റ് ഓഫ് ഗോഡ്, യഹോവയുടെ ആത്മാവ്, ക്രിസ്തുവിന്റെ ആത്മാവ് എന്നിങ്ങനെയാണ് പരിശുദ്ധാത്മാവിനെ കാണുവാൻ കഴിയുന്നത്. സങ്കീർത്തനം 51-ന്റെ 11-ൽ നിന്റെ പരിശുദ്ധാത്മാവ് എന്നാണ് കാണുന്നത്. അപ്പോസ്തലപ്രവൃത്തി 5-ന്റെ 32 പരിശോധിച്ചാലും 15-ന്റെ 8 പരിശോധിച്ചാലും ആത്മാവിന്റെ ഉറവിടം ദൈവമാണെന്നാണ് കാണുവാൻ കഴിയുന്നത്. ദൈവത്തിന്റെ ആത്മാവ് എന്നത് 16 പ്രാവശ്യവും ക്രിസ്തുവിന്റെ ആത്മാവ് എന്ന് 3 പ്രാവശ്യവും പരിശുദ്ധാത്മാവിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവും ഒന്നാണെന്നും പൗലോസ് വ്യക്തമാക്കുന്നു. റോമർ 8-ന്റെ 1 മുതൽ 11 വരെയുള്ള വാക്യങ്ങൾ അതിൽ 1-ഉം, 9-ഉം, 10-ഉം ശ്രദ്ധിച്ച് വായിച്ചാൽ ആത്മാവിലായിരിക്കുക, ക്രിസ്തുവിൽ ആയിരിക്കുക എന്നത് ഒന്നുതന്നെയാണെന്ന് മനസിലാകും. ചുരുക്കിപ്പറഞ്ഞാൽ **യഹോവയായ, ഏകനായ ആത്മാവാം ദൈവംതന്നെയാണ് രക്ഷകനായി, മനുഷ്യനായി ഈ ഭൂമിയിൽ പിറന്നത്.** ഞാൻ ചൂണ്ടിക്കാണിച്ച തിരുവചനഭാഗങ്ങൾ ആവർത്തിച്ച് വായിച്ച് ധ്യാനിച്ച് സത്യം കണ്ടെത്താൻ ഉത്സാഹിക്ക.

## ചോദ്യം മറുചോദ്യം

യേശു എന്ന പേർ വിളിക്കേണമെന്ന് വേദപുസ്തകത്തിൽ വ്യക്തമായി പറഞ്ഞിരിക്കെ അതിനെതിരായി സംസാരിക്കുന്നത് വചനവിരുദ്ധമല്ലേ.

പാ.കെ.സി.മത്തായി, വെൺമണി, ചെങ്ങന്നൂർ, ആലപ്പുഴ

**എബ്രായ, അരാമിക് ഭാഷമാത്രം അറിയാവുന്ന മറിയയോട് പാശ്ചാത്യ സുറിയാനിയിൽ സംസാരിച്ച്, യാതൊരർത്ഥവുമില്ലാത്ത സുറിയാനി നാമം ദൂതൻ നിർദ്ദേശിച്ചു എന്ന് താങ്കൾ കരുതുന്നുണ്ടോ?**

●●● ●●● ●●●

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിക്കാൻ പറഞ്ഞ യേശുവിന്റെ കല്പനയ്ക്കെതിരായി സംസാരിക്കുന്നത് പാപമല്ലേ?

രാജു പുലിവേലിൽ, കാട്ടുവിള, തിരുപുറം, തിരുവനന്തപുരം

**പിതാവിന്റെയും പുത്രന്റെയും പരിശുദ്ധത്മാവിന്റെയും നാമം എന്നു പറയുന്നത് യേശുക്രിസ്തുവാണെന്നും യേശുക്രിസ്തുവിന്റെ നാമത്തിലാണ് സ്നാനം കഴിപ്പിക്കേണ്ടതെന്ന് അപ്പോസ്തലന്മാർ വചനത്തിൽ വ്യക്തമാക്കിയിരിക്കെ (അ.പ്ര.10:48, 2:38, 8:16, 19:5). അടിസ്ഥാനപരമായി അറിയേണ്ട കാര്യങ്ങൾ പോലും അറിയാതെയും പറയാതെയും പോകുന്നത് പാപമല്ലേ.**

WEBSITE vedahimani.com
FACE BOOK vedahimani
MAIL vedahimani@gmail.com
YouTube vedabhimani

# VEDABHIMANI
EXPERIENCE THE POWER OF TRUTH

Annual Subscription Rs. 250/-

Postal Registered No : KL/MVK/184/2021-2023
Licence No. KL/CR/MVK/WPP-03/2021-23
Licensed to post without prepayment
Posted on 15, 20 Feb: 2022 at RMS Kayamkulam
Published on Ist Feb: 2022
RNI Registered No. KERMAL/2002/7361



## പുതിയ കെണി

കാലികം

**ഇ**ന്ന് പാർട്ടികൾ സജീവമാണ്. സുഹൃത്തു ക്കൾ ഒത്തുകൂടുന്ന സാദാ പാർട്ടി മുതൽ ഡിജെ പാർട്ടിയും ആഫ്റ്റർ പാർട്ടിയുമൊക്കെ യുവത്വത്തിന്റെ ലിസ്റ്റിൽ ഇടം നേടിയിരിക്കുന്നു. ആൺപെൺ സൗഹൃദങ്ങൾ ബിയറിൽ നുരഞ്ഞു പൊങ്ങുമ്പോൾ പെൺകുട്ടികൾ കരുതിയിരിക്കണം. പെൺകുട്ടികൾക്ക് പുതിയൊരു കെണിയായി എത്തിയിരിക്കുകയാണ് ഡേറ്റ് റേപ്പ്ഡ്രഗ്സ്: കേരളത്തിലും ഇത് ചുവടു പിടിക്കുന്നതായാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

അടുത്ത സുഹൃത്തുക്കളോ ഇഷ്ടപ്പെടുന്നവരോ ബിയറോ മറ്റു രീതിയിലുള്ള ഏതെങ്കിലും വസ്തുക്കളോ ഉപയോഗിക്കാൻ പ്രേരിപ്പിച്ചാൽ നിങ്ങൾക്ക് ഉറപ്പിക്കാം അവരുടെ ഉദ്ദേശ്യം മറ്റൊന്നാണെന്ന്. പാർട്ടികൾ പലപ്പോഴും ഇത്തരം കാര്യങ്ങൾക്ക് വേദിയാക്കാറുണ്ട്. ഇത്തരത്തിൽ പീഡിപ്പിക്കപ്പെടുന്ന ബഹുഭൂരിഭാഗം കേസുകളും റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല എന്നതാണ് വാസ്തവം. സംഭവത്തെക്കുറിച്ച് കേൾക്കുന്നവർ ഇരയെ കുറ്റപ്പെടുത്താൻ വാസന കാണിക്കുമെന്നതുകൊണ്ടുതന്നെ പലരും ഇത് ബോധപൂർവം മറച്ചുവയ്ക്കുന്നു, പിൽകാല ജീവിതത്തിൽ ഇവർക്ക് ഇത് വളരെയധികം മാനസിക സംഘർഷങ്ങൾ സൃഷ്ടിക്കാറുമുണ്ട്.



റേപ്പ് ചെയ്യപ്പെട്ടില്ല എങ്കിലും മറ്റു രീതിയിൽ സമ്മതം ഇല്ലാതെ പീഡിപ്പിക്കപ്പെടുകയും അതിനെ ഓർത്തു വളരെയധികം മാനസിക വിഷമം അനുഭവിക്കുന്നതുമായ കേസുകൾ പലപ്പോഴും കൗൺസലിംഗിന് എത്താറുണ്ടെന്ന് എറണാകുളത്തെ കൗൺസലിംഗ് സൈക്കോളജിസ്റ്റ് ആൻഡ് മെന്റൽ വെൽനെസ് കോച്ച് കെ. ജി. ശ്രീജിത്ത് പണിക്കർ പറയുന്നു.

**എന്താണ് ഡേറ്റ് റേപ്പ് ഡ്രഗുകൾ?**

ചെറിയ മദ്യലഹരിയിലോ, അല്ലെങ്കിൽ മദ്യം കഴിക്കാൻ കൂട്ടാക്കാത്ത സ്ത്രീകളേയോ അപകടപ്പെടുത്താൻ ഉപയോഗിക്കുന്ന ഒന്നാണ് ഡേറ്റ് റേപ്പ് ഡ്രഗുകൾ. മൂന്ന് രാസപദാർഥങ്ങളാണ് ഇവയിൽ ഏറ്റവും പ്രധാനമായി ഉപയോഗിക്കുന്നത്.

1) റൂഫി എന്ന പേരിൽ അറിയപ്പെടുന്ന റോഹിപ്പ്നോൾ (flunitrazepam).

2) വിറ്റാമിൻ കെ, കിറ്റ് കാറ്റ് എന്നൊക്കെ അറിയപ്പെടുന്ന കെറ്റമിൻ (Ketamine)

3) ലികിഡ് എക്റ്റസി, ഈസി ലേ എന്നൊക്കെ അറിയപ്പെടുന്ന ജിഎച്ച്ബി (gamma hydroxybutyric acid).

ആദ്യത്തേത് ടാബ്ലറ്റ് രൂപത്തിലും രണ്ടാമത്തേത് വെള്ള പൗഡർ രൂപത്തിലും മൂന്നാമത്തേത് പല രൂപത്തിലും ലഭ്യമാണ്. ഇരയാക്കാൻ ഉദ്ദേശിക്കുന്ന വ്യക്തികൾക്ക് അവർ കഴിക്കുന്ന ഭക്ഷണത്തിലോ കുടിക്കുന്ന ജൂസിലോ മറ്റോ ഇത് കലർത്തിയാൽ ഉന്മാദാവസ്ഥയിൽ എത്തും. കുഴഞ്ഞുവീഴണമെന്നില്ല. കുറഞ്ഞ അളവിൽ കൊടുത്താൽ ശാരീരികമായി എതിർക്കാനുള്ള ശേഷി നഷ്ടപ്പെടും. ഇത്തരം പ്രവർത്തികൾക്കുള്ള നിരോധനം ഇല്ലാതാവും. അതിനെല്ലാം ഉപരി സ്ഥലകാലബോധം, ഓർമ എന്നിവ നഷ്ടപ്പെടും. തന്റെ കൂടെ ആരൊക്കെ ഉണ്ടായിരുന്നെന്നും തനിക്ക് എന്തൊക്കെ സംഭവിച്ചുവെന്നും ഓർത്തെടുക്കാൻ പോലും സാധിക്കില്ല എന്ന് ചുരുക്കം. ഡിസ് അസോസിയേഷൻ എന്നൊക്കെ വിളിക്കാം. ഈ വസ്തുക്കൾ നമ്മുടെ നാട്ടിൽ വ്യാപകമല്ലെന്നു ധരിച്ചിരുന്ന കാലത്താണ് കൊച്ചിയിൽ ഒരു പ്രമുഖ നടനെയും ഏതാനും പെൺകുട്ടികളേയും മയക്ക് മരുന്ന് ഉപയോഗത്തിന് പിടിച്ചത്. ആ സമയം അവരുടെ കൈയിൽ നിന്നു ലഭിച്ചത് "കെറ്റമിൻ' ആണെന്നും റിപ്പോർട്ടുണ്ടായി.

**കരുതിയിരിക്കാം**

പാർട്ടികളിൽ പങ്കെടുക്കുമ്പോൾ കഴിവതും ഓപ്പൺ ആയുള്ള ഡ്രിങ്കുകൾ ഒഴിവാക്കുക, ടിൻ അഥവാ കണ്ടയ്നർ ബോട്ടിലിൽ സീൽ ചെയ്തു വരുന്നത് ഉപയോഗിക്കാൻ ശ്രദ്ധിക്കണം.

- പാർട്ടികളിൽ ജ്യൂസ് മുതലായവ പകുതി ആക്കി ഡാൻസിനുംമറ്റും പോവരുത്.
- കൂട്ടത്തിലുള്ള ആർക്കെങ്കിലുമോ, നിങ്ങൾക്കോ പെട്ടെന്ന് തളർച്ച, ആശയക്കുഴപ്പം മുതലായവ തോന്നുന്നുവെങ്കിൽ എത്രയും വേഗം വൈദ്യസഹായം തേടണം.
- ഒറ്റയ്ക്കുള്ള അല്ലെങ്കിൽ വിശ്വസിക്കാൻ പറ്റിയ കൂട്ടുകെട്ട് ഇല്ലെങ്കിൽ 1091 എന്ന കേരള പോലീസിന്റെ നമ്പറിൽ ഉടനടി ബന്ധപ്പെടുക. നിങ്ങൾ വിശ്വസിക്കുന്നതിലും വേഗത്തിൽ സഹായം അവർ നൽകും.
- പാർട്ടിയിൽ അപകടം മണത്താൽ നിങ്ങൾ ഉള്ള ലൊക്കേഷൻ നിങ്ങളുടെ കുടുംബത്തെയോ, കൂട്ടുകാരെയോ വാട്സപ്പ് വഴി അറിയിക്കുക. സന്ദേശം നൽകുക..




☺ ആധുനിക ആത്മീയതയെ എന്തിനോട് ഉപമിക്കാം?

ജിനാ ചാർളി, കുമ്മണ്ണൂർ, മുളന്തറ, കോന്നി

☹ **എന്തിനോട് ഉപമിച്ചാലും ഉപമാനത്തിന്റെ മാനം പോകും.**

☺ പ്രസംഗകർ ഉറപ്പില്ലാത്ത അനുഗ്രഹങ്ങളാണോ അതോ ഉറപ്പാക്കേണ്ട സ്വർഗ്ഗമാണോ പ്രസംഗിക്കേണ്ടത്?

തോമസ് മാത്തൻ, ഇളമ്പൽ, കോട്ടവട്ടം, കൊല്ലം

☹ **പ്രസംഗകർ അല്പം മനസമാധാനം ഉറപ്പാക്കിയാൽ മതിയായിരുന്നു.**

☺ നേതൃത്വസ്ഥാനത്ത് ഇരിക്കുന്നവർക്ക് വയസു കൂടാത്തതിനും വയസു ബാധകമല്ലാത്തതിനും കാരണം?

ജോയമ്മ രാജൻ, ആല, പേരിശ്ശേരി, ചെമ്മണ്ണൂർ

☹ **അവരുടെ ജന്മദിനം ഫെബ്രുവരി 29-ാണ്.**

☺ മേക്കപ്പില്ലാത്ത ഭാര്യയെ കണ്ട് ഭർത്താവ് വിവാഹമോചനം ആവശ്യപ്പെട്ടെന്ന് വാർത്ത?

ലാലി മോനച്ചൻ, മേക്കൊഴൂർ, മൈലപ്ര, പത്തനംതിട്ട

☹ **കല്ല്യാണം ഇന്നൊരു സിനിമ പോലെയാണ്. മേക്കപ്പില്ലേൽ പായ്ക്കപ്പ്.**

☺ കൃപാവരപ്രാപ്തർ ഇവിടെ പലരുടെയും മാരകരോഗങ്ങൾ സൗഖ്യമാക്കിയിട്ടുണ്ട്?

ജോമോൻ ബേബി, എസ്.എൻ.പുരം, പാമ്പാടി

☹ **അതെ, സൗഖ്യമായവരുടെ ഒക്കെയും അടിയന്തരവും കഴിഞ്ഞു.**

☺ വിശ്വാസികൾ പ്രാക്കൾ അല്ലെന്നു പറയാൻ കാരണം?

എബി ഫിലിപ്പ്, ചിറ്റാർ, ആനപ്പാറ, വിതുര

☹ **അവർ അത്ഭുതങ്ങൾ കാണാനും ഭാവി അറിയാനും അനുഗ്രഹത്തിനായും കാത്തിരിക്കുന്ന വേഴാമ്പലുകളാണ്.**

☺ എല്ലാ ആൾദൈവങ്ങളുടെ പിന്നിലും എന്തോ ഒന്ന് ഒളിഞ്ഞിരിപ്പുണ്ട്. അതെന്താണ്?

ജെസി സാമുവേൽ, പൂവം, പള്ളിവയൽ, കണ്ണൂർ

☹ **ബിസിനസുകാരന്റെ കണ്ണ്**

☺ ആത്മീയ ഓട്ടക്കളത്തിലെ ഓട്ടക്കാരും വേഗതയേറിയ ഓട്ടക്കാരനായ ഹുസൈൻ ബോൾട്ടും തമ്മിലുള്ള വ്യത്യാസം?

സാബു പോൾ, വെള്ളംകല്ലൂർ, ഇരിങ്ങാലിക്കുട, തൃശൂർ

☹ **ഹുസൈന് നട്ടും ബോൾട്ടും ഉണ്ട്. ആത്മീയർക്ക് അതില്ല.**






## അഡോൾഫ് ഹിറ്റ്ലർ

**ഓ**സ്ട്രിയയിൽ ബൗണോയിൽ 1889 ൽ ജനനം. ഓസ്ട്രിയയുടെ തലസ്ഥാനമായ വിയന്നയിൽ ഒരു കുടിലിൽ താമസിച്ചു സ്വന്തമായി വരയ്ക്കുന്ന ചിത്രങ്ങൾ വിറ്റും ചില്ലറ ജോലികൾ ചെയ്തും ജീവിതം. 16-ാം വയസിൽ സ്കൂൾ ജീവിതം നിർത്തി. ഒന്നാം ലോക മഹായുദ്ധകാലത്തു ജർമൻ സൈന്യത്തിൽ ചേർന്നു. 1919-ൽ ജർമൻ വർക്കേഴ്സ് പാർട്ടി ഉണ്ടാക്കി. അതു പിന്നീടു നാസി പാർട്ടിയായി. മ്യൂണിക് കലാപത്തെത്തുടർന്ന് അഞ്ചുവർഷം തടവിനു ശിക്ഷിക്കപ്പെട്ടു. ജയിൽ മോചിതനായ അദ്ദേഹം നാസി പാർട്ടിയെ ശക്തിപ്പെടുത്തി. 1933 മാർച്ചിൽ ജർമൻ പാർലമെന്റ് ഹിറ്റ്ലറെ ചാൻസലറും പ്രസിഡന്റുമായി അംഗീകരിച്ചു. നേതാവ് എന്ന അർഥം വരുന്ന ഫ്യൂറർ എന്ന പേര് സ്വീകരിച്ചു ഹിറ്റ്ലർ ജർമനിയുടെ ഭരണം ഏറ്റെടുത്തു. 1938-ൽ, ജർമൻ സേന വിയന്ന കീഴടക്കി. 1939 സെപ്റ്റംബർ ഒന്നിനു പോളണ്ട് ആക്രമിക്കപ്പെട്ടതോടെ രണ്ടാം ലോകമഹായുദ്ധം തുടങ്ങി. ഹിറ്റ്ലറുടെ വിജയങ്ങൾ കണ്ട് ലോകം ഞെട്ടി. അമേരിക്കയുടെ കടന്നുവരവോടെ ജർമനിക്കു പിന്നെ ചെറുത്തുനിൽപിന്റെ പോരാട്ടമായി. പരാജയം തുടർക്കഥയായി, ഇതിനിടയിൽ തന്റെ പ്രണയിനി ഇവ ബ്രൗണിനെ അദ്ദേഹം വിവാഹം ചെയ്തു. ബർലിൻ വളഞ്ഞ ശത്രുസൈന്യങ്ങളിൽനിന്നു രക്ഷ നേടാൻ 1945 ഏപ്രിൽ 30-നു ഹിറ്റ്ലർ ജീവനൊടുക്കി, ജർമനിക്കും യൂറോപ്പിനും ലോകത്തിനുതന്നെയും കനത്ത നാശം വരുത്തിവച്ച 12 വർഷത്തെ ഹിറ്റ്ലർ ഭരണം ജർമനിയുടെ ചരിത്രം തന്നെ മാറ്റിമറിച്ചു.

Printed, Published and owned by Titus Mathew Alias Titus Karthikappally, Punnoothara, Karthikappally 690 516.
Printed at St. Paul's Offset Mavelikara. Published at: Punnoothara, Karthikappally. Editor : Titus Mathew Alias Titus Karthikappally